بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحْمَدُہٗ وَنُصَلِّیْ عَلٰی رَسُوْلِہِ الْکَرِیْمِ وَعَلٰی عَبْدِہِ الْمَسِیْحِ الْمَوْعُوْد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 10

ലക്കം 05

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ജനുവരി 30/ഹി.ശം 1404 സ്വുൽഹ് 30/ഹി:ഖ 1446 റജബ് 29


## അല്ലാഹുവിന്റെ വചനം

رَبَّنَاۤ اِنَّکَ مَنۡ تُدۡخِلِ النَّارَ فَقَدۡ اَخۡزَیۡتَہٗ ؕ وَمَا لِلظّٰلِمِیۡنَ مِنۡ اَنۡصَارٍ ○ (آل عمران:193)

ഞങ്ങളുടെ നാഥാ! നീ ആരെയെങ്കിലും നരകത്തിൽ പ്രവേശിപ്പിക്കുന്നതായാൽ നീ അവനെ തീർച്ചയായും നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളാരും ഇല്ലതന്നെ.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**മനുഷ്യൻ തന്റെ ദൗർബല്യതയേയും ബലഹീനതയേയും പൂർണമായും ഓർക്കുകയും ചിന്തിക്കുകയും ചെയ്യുക എന്നത് ദുആയ്ക്ക് അനിവാര്യമായിട്ടുള്ള കാര്യമാണ്. അവൻ തന്റെ ദൗർബല്യത്തെ കുറിച്ച് ചിന്തിക്കുന്തോറും താൻ അല്ലാഹുവിന്റെ സഹായത്തിന് ആശ്രിതനാണെന്ന് കാണുന്നതായിരിക്കും. ഈ രീതിയിൽ ദുആ ചെയ്യുന്നതിനുവേണ്ടി അവന്റെ ഉള്ളിൽ ഒരു ആവേശമുണ്ടാകുന്നതായിരിക്കും.**

**ഖുലിഖൽ ഇൻസാനു ളയീഫാ**(4:29) എന്ന കാര്യം സത്യംതന്നെയാണ്. അവന് അല്ലാഹുവിന്റെ ഫള്ലും കരുണയും കൂടാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അവന്റെ അസ്തിത്വവും അവന്റെ പരിപാലനവും ജീവിതം നിലനിറുത്തുന്നതിനുള്ള വസ്തുക്കളുമെല്ലാം അല്ലാഹുവിന്റെ ഫള്ലിൽ നിറുത്തപ്പെട്ടിരിക്കുന്നു. തന്റെ ബുദ്ധിയിലും തന്റെ അറിവിലും തന്റെ ധനത്തിലും സമ്പത്തിലും അഭിമാനിക്കുന്നവൻ വിഡ്ഢിയാണ്. കാരണം ഇതെല്ലാം അല്ലാഹു പ്രദാനം ചെയ്തിട്ടുള്ളതാണ്. അല്ലാതെ അവൻ എവിടെന്നാണ് കൊണ്ടുവന്നത്? മനുഷ്യൻ തന്റെ ദൗർബല്യതയേയും ബലഹീനതയേയും പൂർണമായും ഓർക്കുകയും ചിന്തിക്കുകയും ചെയ്യുക എന്നത് ദുആയ്ക്ക് അനിവാര്യമായിട്ടുള്ള കാര്യമാണ്. അവൻ തന്റെ ദൗർബല്യത്തെ കുറിച്ച് ചിന്തിക്കുന്തോറും താൻ അല്ലാഹുവിന്റെ സഹായത്തിന് ആശ്രിതനാണെന്ന് കാണുന്നതായിരിക്കും. ഈ രീതിയിൽ ദുആ ചെയ്യുന്നതിനുവേണ്ടി അവന്റെ ഉള്ളിൽ ഒരു ആവേശമുണ്ടാകുന്നതായിരിക്കും. അവൻ ഏതെങ്കിലും നാശത്തിൽ അകപ്പെടുകയും ദുഃഖമോ ഞെരുക്കമോ തോന്നുകയും ചെയ്യുമ്പോൾ വളരെ ശക്തിയോടുകൂടി നിലവിളിക്കുകയും മുറവിളി കൂട്ടുകയും മറ്റുള്ളവരോടു സഹായം യാചിക്കുകയും ചെയ്യുന്നു. ഇപ്രകാരം അവൻ തന്റെ ദൗർബല്യങ്ങളിലും പിഴവുകളിലും ചിന്തിക്കുകയാണെങ്കിൽ, താനെപ്പോഴും അല്ലാഹുവിന്റെ സഹായത്തിന് ആശ്രിതനാണെന്ന് കാണുന്നതായിരിക്കും. അപ്പോൾ അവന്റെ ആത്മാവ് പൂർണമായ ആവേശവും വേദനയുംകൊണ്ട് അസ്വസ്ഥനായി ദൈവസവിധത്തിൽ വീഴുകയും മുറവിളികൂട്ടുകയും യാ റബ്ബീ, യാ റബ്ബീ എന്നു പറഞ്ഞുകൊണ്ട് നിലവിളിക്കുകയും ചെയ്യുന്നു. ശ്രദ്ധയോടുകൂടി വിശുദ്ധ ഖുർആൻ നോക്കുമ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും ആദ്യത്തെ സൂറത്തിൽത്തന്നെ അല്ലാഹു ദുആയുടെ പാഠം നല്കിയിരിക്കുന്നുവെന്ന്! **ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം ഗയ്രിൽമഗ്ളൂബി അലയ്ഹിം വലള്ളാല്ലീൻ**(1:6 – 7).

സകല ഫലങ്ങളും നേട്ടങ്ങളും ഉൾക്കൊള്ളുകയും എല്ലാ നഷ്ടങ്ങളിൽനിന്നും ദോഷങ്ങളിൽനിന്നും രക്ഷിക്കുകയും ചെയ്യുമ്പോഴാണ് ദുആ എല്ലാം അടങ്ങുന്നതാകുന്നത്. അതുകൊണ്ട് എല്ലാ ഉത്തമമായ ലാഭങ്ങളും കിട്ടുന്നതിനും ഏറ്റവും നഷ്ടമുണ്ടാക്കുന്ന കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുമുള്ള ദുആയാണ് ഇതിലുള്ളത്.

ഞാൻ പലപ്പോഴും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്, അനുഗ്രഹം ലഭിച്ചിട്ടുള്ളവർ നാലു തരത്തിലുള്ള ആളുകളാണ്. ഒന്നാമത്തേത് നബി, രണ്ടാമത്തേത് സിദ്ദീഖ്, മൂന്നാമത്തേത് ശഹീദ്, നാലാമത്തേത് സ്വാലിഹീൻ. അതിനാൽ ഈ ദുആയിൽ ഈ നാലു സംഘക്കാരുടേയും ശ്രേഷ്ഠതകൾ ആവശ്യപ്പെടുകയാണ്. *(മൽഫൂദാത്ത് വാല്യം 1, പേജ് 372, പ്രസാധനം 2018 ഖാദിയാൻ)*

# അഹ്മദിയ്യ കേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ 129–ാമത് ജൽസസാലാന വിജയകരമായി സമാപിച്ചു.

**നീതിയോടും നിഷ്പക്ഷതയോടുംകൂടി മുൻകഴിഞ്ഞുപോയ പ്രവാചകന്മാരെപ്പറ്റി നമ്മൾ സൂക്ഷ്മപഠനം നടത്തുന്നതായാൽ അവരിൽവച്ച് ഏറ്റവും വീരപുരുഷനായിട്ടുള്ള നബി, ജീവിതത്തിന്റെ സകല ശ്രേഷ്ഠഗുണങ്ങളും സ്വായത്തമാക്കിയിട്ടുള്ള നബി, അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട നബി, അത് ഇസ്‌ലാംമത പ്രവാചകരായ മുഹമ്മദു നബിﷺ തന്നെയാണെന്ന് കാണാവുന്നതാണ്.****(ബദ്ർ വാല്യം 10 ലക്കം 3 പേജ് 8 കോളം 4 – ൽനിന്ന് തുടർച്ച....)**

## 2024 ഡിസംബർ 27 വെള്ളിയാഴ്ച ഉദ്ഘാടന സമ്മേളനം

2024 ഡിസംബർ 27 വെള്ളിയാഴ്ച 129–ാമത് ഖാദിയാൻ ജൽസസാലാനയുടെ ഉദ്ഘാടന സമ്മേളന പരിപാടി, ജൽസഗാഹ് ‘ബുസ്താനെ അഹ്മദി’നുപകരം കാലാവസ്ഥ മോശമായ കാരണത്താൽ മസ്ജിദ് അഖ്സ്വായുടെ പഴയ ഭാഗത്ത് രാവിലെ കൃത്യം 10.57–ന് തുടങ്ങി. മസ്ജിദ് അഖ്സ്വായുടെ പുതിയതും പഴയതുമായ ഭാഗങ്ങളിൽ പുരുഷന്മാർക്ക് ജൽസയുടെ പരിപാടി കാണുന്നതിനും കേൾക്കുന്നതിനുമുള്ള ഏർപാട് ചെയ്യപ്പെട്ടു. സ്ത്രീകൾക്ക് മസ്ജിദ് അൻവാറിൽ ലൈവ് സ്ട്രീമിംഗ് മുഖേന ജൽസാ പരിപാടിയുടെ ഓഡിയോ കേൾക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിരുന്നു. അപ്രതീക്ഷിതമായുണ്ടായ മഴകാരണം സംഘാടകർ ഒരു മണിക്കൂറിനുള്ളിൽത്തന്നെ സ്റ്റേജിന്റേയും ലൈവ് സ്ട്രീമിംഗിന്റേയും എല്ലാ ഏർപാടുകളും പൂർത്തിയാക്കി. യോഗാധ്യക്ഷന്റെ അനുമതിയോടെ ജൽസയുടെ പരിപാടികളാരംഭിച്ചു. കശ്മീരിലെ കാട്ടപ്പൂര ജമാഅത്തിലെ ത്വാരിഖ് അഹ്മദ് ലോൺ സാഹിബ് സൂറ മുഅ്മിനീനിലെ 61 മുതൽ 66 വരെയുള്ള വചനങ്ങൾ തിലാവത്തു ചെയ്തു. അതിന്റെ തർജമ ജാവേദ് അഹ്മദ് ലോൺ സാഹിബ് നാളിർ ദീവാൻ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ അവതരിപ്പിച്ചു.

യോഗാധ്യക്ഷൻ മൗലാനാ മുഹമ്മദു കരീമുദ്ദീൻ സാഹിബ് ശാഹിദ് ഉദ്ഘാടന പ്രഭാഷണം നടത്തി. അദ്ദേഹം തന്റെ ഉദ്ഘാടന പ്രഭാഷണത്തിൽ പറഞ്ഞു: സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلام 1891–ൽ അല്ലാഹുവിന്റെ കൽപ്പനയാലാണ് ജൽസസാലാന ഖാദിയാന് അടിത്തറയിട്ടത്.” അദ്ദേഹം തന്റെ പ്രസംഗത്തിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദിعليه السلامന്റേയും ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീ

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**മുഅ്മിനീങ്ങളുടെ സംഘം ഒരൊറ്റജീവൻപോലെയാണ്. അവരിലാരെങ്കിലും ഏതെങ്കിലും അവിശ്വാസിക്ക് അഭയം നൽകിയാൽ അതിനെ ആദരിക്കേണ്ടത് അനിവാര്യമാകുന്നു. നബിﷺതിരുമേനി സയ്നബിനെ വിളിച്ചു പറഞ്ഞു: "നീ അഭയം നൽകിയവർക്ക് ഞങ്ങളും അഭയം നൽകുന്നു."(സീറത്ത് ഖാത്തമുന്നബിയ്യീൻ)**

**സരിയ്യഃ ഉക്കാശ ബിൻ മിഹ്സ്വൻ, സരിയ്യഃ മുഹമ്മദ് ബിൻ മസ്‌ലമ, സരിയ്യഃ ഹദ്റത്ത് അബൂഉബയ്ദ ബിൻ ജർറാഹ്, സരിയ്യഃ സയ്ദ് ബിൻ ഹാരിഥ ബനൂസുലയ്മിലേക്ക്, സരിയ്യഃ സയ്ദ് ബിൻ ഹാരിഥ യീസിലേക്ക്, ബനൂലഹ്യാൻ യുദ്ധം, സരിയ്യഃ സയ്ദ് ബിൻ ഹാരിഥ ത്വരിഫിലേക്ക് തുടങ്ങി ഹിജ്റ 6-ൽ നടന്ന ചില യുദ്ധങ്ങളുടേയും സരിയ്യത്തുകളുടേയും അവസ്ഥകളും സംഭവങ്ങളും.**

**ലോകത്ത് വഷളായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയപരമായ അവസ്ഥകളുടേയും ദൈവികവിപത്തുകളുടേയും പശ്ചാത്തലത്തിൽ ദുആയ്ക്കുള്ള അഭ്യർഥന.**

**പ്രത്യക്ഷത്തിൽ ഇസ്‌ലാമിക ലോകത്തിന്നെതിരിൽ ഇവരുടെ ഉദ്ദേശ്യങ്ങൾ ഭയാനകമാണെന്ന് തോന്നുന്നു. ഈ നിലയ്ക്ക് ഒരു രാഷ്ട്രവും സുരക്ഷിതമല്ല. ഈ നിലയ്ക്ക് പാക്കിസ്താനുവേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കുക. ഇറാനുവേണ്ടിയും മറ്റു രാഷ്ട്രങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു മുസ്‌ലിമീങ്ങൾക്ക് ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ. ചേരിതിരിവും ഭരണത്തോടുള്ള അത്യാർത്തിയും അവരിൽനിന്ന് ഇല്ലാതായി പോകുമാറാകട്ടെ. അവർ ഒന്നിച്ച് ചേരുമാറാകട്ടെ.**

**അമീർ ഹസൻ മർഡാനീ സാഹിബ് ശഹീദ്(മീർപൂർഖാസ് സിന്ധ് പാക്കിസ്താൻ)ന്റേയും മൗലാനാ അബ്ദുസ്സത്താർ റഊഫ് സാഹിബ്(മുബല്ലിഗ് മലേഷ്യാ)യുടേയും അനുസ്മരണവും ജനാസ ഗാഇബും)**

**ഖുത്ബ ജുമുഅ 2024 ഡിസംബർ 20, 1403 ഫതഹ് 20, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തിരുനബി ചരിത്രത്തിന്റെ വെളിച്ചത്തിൽ ചില ഗസ്‌വത്തുകളുടേയും (നബിﷺതിരുമേനി നേരിട്ട് പങ്കെടുത്ത യുദ്ധം)സരിയ്യത്തുകളുടേയും(നബിﷺനിയോഗിച്ച സേന നടത്തിയ യുദ്ധം)സംഭവങ്ങളാണ് വിവരിച്ചു കൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സരിയഃ ഉക്കാശ ബിൻ മിഹ്സ്വനെ സംബന്ധിച്ചും ചരിത്രത്തിൽ വിവരണമുണ്ട്. ഈ സരിയത്ത് ഉക്കാശ ബിൻ മിഹ്സ്വന്റെ, ഗംറ മർസൂഖിന്റെ ഭാഗത്തായിരുന്നു. ഈ സരിയത്ത് ഹിജ്റ ആറാം വർഷം റബീഉൽ അവ്വൽ മാസത്തിലാണ് നടന്നത്. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 77 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.ؓ സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: "നബിﷺതിരുമേനി തന്റെ ഒരു മുഹാജിർ സ്വഹാബി ഉക്കാശ ബിൻ മിഹ്സ്വനെ 40 മുസ്‌ലിമീങ്ങളുടെ അമീറായി നിശ്ചയിച്ചുകൊണ്ട് ബനീ അസദ് ഗോത്രത്തെ നേരിടാൻ അയച്ചു. ഈ ഗോത്രം ആ സമയത്ത് ഒരു അരുവിക്കടുത്ത് തമ്പടിച്ചിട്ടുണ്ടായിരുന്നു. അതിന്റെ പേര് ഗംറ എന്നാണ്. ഇത് മദീനയിൽനിന്ന് മക്കയിൽപോകുന്ന വഴിയിൽ ഏതാനും ദിവസങ്ങളുടെ യാത്രാ ദൈർഘ്യമുള്ള സ്ഥലമായിരുന്നു. ഉക്കാശയുടെ സംഘം വളരെപെട്ടെന്ന് ഗംറ എന്ന സ്ഥലത്തെത്തി. ആക്രമങ്ങളെ തടയുകയായിരുന്നു അവരുടെ ലക്ഷ്യം. അതായത് അവിടെയുണ്ടായിരുന്ന ആളുകൾ തയ്യാറാക്കിയിരുന്ന പദ്ധതി തടയുന്നതിനുവേണ്ടിയാണ് ഇവരെത്തിയത്. പക്ഷേ, ഈ ഗോത്രത്തിലെ ആളുകൾ മുസ്‌ലിമീങ്ങൾ വരുന്നുണ്ടെന്നറിഞ്ഞപ്പോൾ പലഭാഗത്തുമായി ചിതറിപ്പിരിഞ്ഞു. അങ്ങനെ ഉക്കാശയും അദ്ദേഹത്തിന്റെ കൂട്ടുകാരും മദീനയിൽ തിരിച്ചുവരുകയാണ് ചെയ്തത്. യുദ്ധമൊന്നും നടന്നില്ല."*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 666)*

അതുപോലെ സരിയഃ മുഹമ്മദ് ബിൻ മസ്‌ലമയെ കുറിച്ചും കാണപ്പെടുന്നുണ്ട്. ഹിജ്റ ആറാം വർഷം റബീഉൽആഖർ മാസത്തിലാണ് ഈ സരിയഃ നടന്നത്. നബിﷺതിരുമേനി മുഹമ്മദ് ബിൻ മസ്‌ലമയെ ദുൽഖസ്സ്വയിൽ വസിച്ചിരുന്ന ബനൂഥഅ്‌ലബ, ബനൂ ഉവാൽ ഗോത്രങ്ങളിലേക്കാണ് അയച്ചത്. ദുൽഖസ്സ്വ മദീനയിൽനിന്ന് റബദയിലേക്കു പോകുന്ന വഴിയിൽ 24 മൈൽ ദൂരെയുള്ള സ്ഥലമാകുന്നു.

നബിﷺതിരുമേനി ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെ 10 പേരോടൊപ്പം അയച്ചു. ഈ സംഘം രാത്രിയിലാണ് അവിടെയെത്തിയത്. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെയും അദ്ദേഹത്തിന്റെ കൂട്ടുകാരെയും അവർ ഉറങ്ങുകയായിരുന്ന അവസ്ഥയിൽത്തന്നെ ശത്രുക്കൾ വളയുകയും ചെയ്തു. ശത്രുക്കൾ നൂറു പേരുണ്ടായിരുന്നു. ശത്രുക്കൾ അവരെ വളഞ്ഞ് അമ്പുകൾ കൊണ്ട് ഉപരോധിക്കുന്നതുവരെയും മുസ്‌ലിമീങ്ങൾക്ക് അവരെ സംബന്ധിച്ചുള്ള ഒരുവിധ അറിവുമുണ്ടായിരുന്നില്ല. മുഹമ്മദ് ബിൻ മസ്‌ലമ വേഗമെഴുന്നേറ്റു. അദ്ദേഹത്തിന്റെ പക്കൽ അമ്പും വില്ലുമുണ്ടായിരുന്നു. അദ്ദേഹം തന്റെ കൂട്ടുകാരെ വേഗം വിളിച്ചുണർത്തി, ആയുധങ്ങളെടുക്കാൻ പറഞ്ഞു. അവർ അതിവേഗമുണർന്നു. രാത്രി കുറെ നേരം ഏറ്റുമുട്ടൽ നടന്നുകൊണ്ടിരുന്നു. അതായത് പരസ്പരം അമ്പുകൊണ്ട് പോരാടി. പിന്നെ ആ കാട്ടറബികൾ അമ്പുകൾകൊണ്ട് ആക്രമണം നടത്തുകയും ബാക്കിയുള്ളവരെ ശഹീദാക്കുകയും ചെയ്തു. മുഹമ്മദു ബിൻ മസ്‌ലമؓപരിക്കേറ്റുവീണു. അദ്ദേഹത്തിന്റെ കാൽമുട്ടിനു ഗുരുതരമായ പരിക്കേറ്റു. അദ്ദേഹത്തിനു അനങ്ങാൻ കഴിയുന്നുണ്ടായിരുന്നില്ല. അവർ അദ്ദേഹത്തിന്റെ വസ്ത്രം ഊരിമാറ്റി അവിടെ നിന്നുപോയി. ഈ വധിക്കപ്പെട്ടു കിടക്കുന്നവരെ ഒരു മുസ്‌ലിം കണ്ടപ്പോൾ *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* എന്ന് ചൊല്ലി. അദ്ദേഹത്തിന്റെ ശബ്ദം കേട്ടപ്പോൾ മുഹമ്മദ് ബിൻ മസ്‌ലമ ഒന്ന് അനങ്ങി. ആഗതൻ അദ്ദേഹത്തിനു ഭക്ഷണം കൊടുത്തു. തന്റെ വാഹന മൃഗത്തിലിരുത്തി മദീനയിൽ കൊണ്ടുവന്നു.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 79 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

മുഹമ്മദ് ബിൻ മസ്‌ലമയുടെ കൂട്ടുകാരെ ശഹീദാക്കിയ ശത്രുക്കളോടു പകരം ചോദിക്കുന്നതിന് നടത്തിയ ഒരു സരിയ്യത്തിനെ പറ്റിയും പരാമർശമുണ്ട്.

ഇത് സരിയഃ അബൂ ഉബയ്ദ ബിൻ ജർറാഹ് എന്നാണ് അറിയപ്പെടുന്നത്. ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ് എം.എؓഎഴുതുന്നു: "ഹദ്റത്ത് മുഹമ്മദ്

ബിൻ മസ്‌ലമയുടെ സുഹൃത്തുക്കളെ ശഹീദാക്കി എന്ന വിവരം ലഭിച്ചപ്പോൾ നബിﷺതിരുമേനി ഖുറയ്ശിയും ഉന്നത സ്ഥാനീയനുമായ സ്വഹാബി ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിനെؓ ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമക്കു വേണ്ടി പകരം ചോദിക്കുന്നതിനു ദുൽഖസ്സയിൽ അയച്ചു. അതിന്നിടയിൽ ബനൂ ഥഅ്‌ലബ ഗോത്രത്തിലെ ആളുകൾ മദീനയുടെ ഗ്രാമങ്ങളിൽ ആക്രമണം നടത്താൻ പദ്ധതിയിടുന്നു എന്നൊരു വാർത്തയും കിട്ടിയിരുന്നു. അതുകൊണ്ട് നബിﷺ തിരുമേനി അബൂഉബയ്ദയുടെ നേതൃത്വത്തിൽ 40 സ്വഹാബാക്കളുടെ സുസജ്ജമായൊരു സംഘത്തെ അയക്കുകയും അവരോടു രാത്രി തന്നെ യാത്ര ചെയ്തു രാവിലെ നേരത്ത് അവിടെയെത്താൻ കൽപ്പിക്കുകയും ചെയ്തു. അവർ സ്വുബ്ഹി നമസ്കാരത്തിന്റെ സമയത്ത് അവിടെയെത്തി ശത്രുക്കളെ കീഴ്പെടുത്തി. ഈ അപ്രതീക്ഷിതമായ ആക്രമണത്തിൽ പരിഭ്രാന്തരായ അവർ ചെറിയൊരു ചെറുത്തു നിൽപ്പിനുശേഷം ഓടിപ്പോയി അടുത്തുള്ള പർവതനിരകളിൽ മറഞ്ഞു. അബൂ ഉബയ്ദؓ സമരാർജിത സ്വത്തുക്കൾ കൈക്കലാക്കി മദീനയിൽ തിരിച്ചുവരുകയും ചെയ്തു.

ഈ യജ്ഞത്തിൽ രണ്ടു സ്വഹാബാക്കൾ അതായത് ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെയും ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്നെയും പറ്റി പരാമർശമുണ്ട്. ഇരുവരും ഉന്നത സ്ഥാനീയരായ സ്വഹാബാക്കളായിരുന്നു. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമؓ തന്റെ വ്യക്തിപരമായ ഗുണഗണങ്ങൾക്കും സ്വീകാര്യതയ്ക്കും പുറമെ കഅ്ബ് ബിൻ അശ്റഫ് യഹൂദിയുടെ വധത്തിലെ ഹീറോയുമായിരുന്നു. ഈ കലാപകാരി അദ്ദേഹത്തിന്റെ കൈകളാൽത്തന്നെ അന്ത്യത്തിലെത്തിച്ചേർന്നു. മുഹമ്മദ് ബിൻ മസ്‌ലമ അൻസ്വാറിലെ ഔസ് ഗോത്രത്തിൽപ്പെട്ട ആളായിരുന്നു. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തുകാലത്ത് അദ്ദേഹത്തിന്റെ വളരെ വിശ്വസ്തനായി ഗണിക്കപ്പെട്ടിരുന്നു. ഹദ്റത്ത് ഉമർؓഅദ്ദേഹത്തെയാണ് തന്റെ ഉദ്യോഗസ്ഥരെ സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിന് പറഞ്ഞയച്ചിരുന്നത്. ഹദ്റത്ത് ഉഥ്മാന്റെؓവഫാത്തിനുശേഷം മുസ്‌ലിമീങ്ങളിൽ ആഭ്യന്തര കലഹങ്ങളുടെ വാതിൽ തുറന്നപ്പോൾ ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമؓ തന്റെ വാൾ ഒരു കല്ലിൽ തല്ലിപൊട്ടിക്കുകയും കൈയിൽ ഒരു ചുള്ളിക്കമ്പെടുക്കുകയും ചെയ്തു. ആരോ അദ്ദേഹത്തോടു അതിന്റെ കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, മുസ്‌ലിമീങ്ങൾക്കുള്ളിൽ പരസ്പരം കൊല്ലും കൊലയും നടക്കുന്ന ഘട്ടം വരുകയാണെങ്കിൽ നിങ്ങൾ വാളുകൾ പൊട്ടിച്ചു കളയുകയും വീടുകൾക്കുള്ളിൽ ഒതുങ്ങിക്കൂടി, അതായത് വീടുകൾക്കുള്ളിൽ നിലത്ത് വിരിക്കുന്ന തുണി കിടക്കുന്നതുപോലെ ഒതുങ്ങിക്കൂടുകയും ചെയ്യണമെന്ന് നബിﷺതിരുമേനി പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്. ഇത് ഒരുപക്ഷേ, മുഹമ്മദ് ബിൻ മസ്‌ലമക്ക് വേണ്ടിയോ അല്ലെങ്കിൽ ആ പ്രത്യേക കാലത്തുള്ള ഫിത്നകളെ സംബന്ധിച്ചോ ആയിരിക്കാം പറഞ്ഞത്. ചില സമയത്ത് ആഭ്യന്തര കലഹങ്ങളെ നേരിടേണ്ടതും ഒരു വലിയ ദീനീപരമായ സേവനം തന്നെയായിരിക്കും.

രണ്ടാമത്തെ സ്വഹാബി ഹദ്റത്ത് അബൂഉബയ്ദ ബിൻ ജർറാഹ് ആകുന്നു. ഇദ്ദേഹം ഉന്നത സ്ഥാനീയനായ സ്വഹാബിയും ഖുറയ്ശിയുമായിരുന്നു. ഇദ്ദേഹത്തിന്റെ ഉന്നതസ്ഥാനം എത്രത്തോളമായിരുന്നെന്നാൽ നബിﷺതിരുമേനി ഇദ്ദേഹത്തിന് അമീനുൽമില്ലത്ത് അഥവാ ഉമ്മത്തിന്റെ വിശ്വസ്തൻ എന്ന ബഹുമതി നൽകി. നബിﷺതിരുമേനിക്കുശേഷം ഹദ്റത്ത് അബൂബക്ർؓഖിലാഫത്ത് പദവിയിൽ പരിഗണിച്ചിരുന്നവരിൽ ഒരു സ്വഹാബി ഇദ്ദേഹമായിരുന്നു. ഹദ്റത്ത് അബൂഉബയ്ദؓ, ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ പ്ലേഗുമൂലം ശഹീദാകുകയായിരുന്നു."(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 668-669)

മറ്റൊരു സരിയഃ, സരിയഃ സയ്ദ് ബിൻ ഹാരിഥഃ എന്ന് അറിയപ്പെടുന്നു. ഇത് സുലയ്മിലേക്കാണ് നിയോഗിക്കപ്പെട്ടത്. തൽസംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎഴുതുന്നു:"ഹിജ്റ ആറാം വർഷം റബീഉൽആഖർ മാസത്തിൽ നബിﷺതിരുമേനി താൻ സ്വതന്ത്രനാക്കിയ അടിമ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥؓയുടെ നേതൃത്വത്തിൽ ഏതാനും മുസ്‌ലിമീങ്ങളെ സുലയ്ം ഗോത്രത്തിലേക്ക് പറഞ്ഞയച്ചു. ഈ ഗോത്രം ആ സമയത്ത് നജ്ദിന്റെ പ്രദേശമായ ജമൂമിലാണ് വസിച്ചിരുന്നത്. ഇവർ ഒരു നീണ്ടകാലമായി നബിﷺ തിരുമേനിയുമായി ശത്രുതയിലുമായിരുന്നു. കിടങ്ങുയുദ്ധത്തിൽ ഈ ഗോത്രം മുസ്‌ലിമീങ്ങൾക്കെതിരെ കാര്യമായി പങ്കെടുക്കുകയും ചെയ്തിരുന്നു. സയ്ദ് ബിൻ ഹാരിഥയുംؓഅദ്ദേഹത്തിന്റെ സുഹൃത്തുക്കളും ജമൂമിലെത്തി. ഇത് മദീനയിൽനിന്ന് ഏകദേശം 50 മൈൽ ദൂരത്തുള്ള സ്ഥലമാണ്. പക്ഷേ, അവിടെ ആരെയും അവർക്ക് കാണാൻ കഴിഞ്ഞില്ല. അവിടെ മുസയ്ന ഗോത്രത്തിലെ ഹലീമ എന്നു പേരുള്ള ഒരു സ്ത്രീയെ കണ്ടു. അവർ ഇസ്‌ലാമിന്റെ ശത്രു പക്ഷത്തായിരുന്നു. അവിടെയെത്തിയപ്പോൾ സുലയ്ം ഗോത്രത്തിലെ കുറെയാളുകൾ തങ്ങളുടെ വളർത്തു മൃഗങ്ങളെ മേയ്ച്ചു കൊണ്ടിരിക്കുകയാണെന്ന് മനസ്സിലായി. അങ്ങനെ ഈ അറിയിപ്പ് പ്രയോജനപ്പെടുത്തി ഹാരിഥ് അവിടെയെത്തി ആക്രമണം നടത്തി. ഈ അപ്രതീക്ഷിത ആക്രമണത്തിൽ പരിഭ്രാന്തരായി അധികമാളുകളും പലഭാഗത്തേക്കും ചിതറിപ്പിരിഞ്ഞുപോയി. ഏതാനും ബന്ദികളും മൃഗങ്ങളും മുസ്‌ലിമീങ്ങളുടെ കൈയിൽ വന്നു. അവർ അതുമായി മദീനയിൽ തിരിച്ചു വരികയും ചെയ്തു. യാദൃച്ഛികമായി ഈ ബന്ദികളിൽ ഹലീമയുടെ ഭർത്താവുമുണ്ടായിരുന്നു. അയാളും യുദ്ധം ചെയ്യുന്ന ആളായിരുന്നു.

നബിﷺതിരുമേനി ഹലീമ വിവരങ്ങൾ നൽകി സഹായിച്ചതുകൊണ്ട് ഒരുതരത്തിലുള്ള നഷ്ടപരിഹാരവും വാങ്ങാതെ അവരെ വിട്ടയച്ചു. മാത്രമല്ല അവളുടെ ഭർത്താവിനെയും ഔദാര്യപൂർവ്വം വിട്ടയച്ചു. ഹലീമയും ഭർത്താവും സന്തോഷപൂർവ്വം തങ്ങളുടെ നാട്ടിൽ തിരിച്ചു പോവുകയും ചെയ്തു."(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 669)

ഇതുപോലെ സയ്ദ് ബിൻ ഹാരിഥയുടെ മറ്റൊരു സംഭവമുണ്ട്. ഇവർ യീസിലേക്ക് നിയോഗിക്കപ്പെട്ടതാണ്. അതിന്റെ വിശദീകരണത്തിൽ സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഇങ്ങനെ വിവരണം വന്നിരിക്കുന്നു: "നബിﷺതിരുമേനി ഹിജ്റ 6 ജമാദുൽഅവ്വൽ മാസം അവരെ അതായത് സയ്ദ് ബിൻ ഹാരിഥയെ 170 സ്വഹാബിമാരുടെ സംഘത്തിന്റെ തലവനായി നിശ്ചയിച്ച് മദീനയിൽനിന്ന് അയച്ചു. ഈ യുദ്ധ നീക്കത്തിന്റെ കാരണം ചരിത്രകാരന്മാർ ഇങ്ങനെ എഴുതിയിരിക്കുന്നു: 'ശാമിൽനിന്ന് മക്കഖുറയ്ശികളുടെ ഒരു സംഘം വരുന്നുണ്ടായിരുന്നു. അവരെ തടയുന്നതിനുവേണ്ടിയാണ് നബിﷺതിരുമേനി ഈ സംഘത്തെ അയച്ചത്. ഖുറയ്ശികളുടെ സംഘം എപ്പോഴും ആയുധധാരികളായിരുന്നു. മക്കയ്ക്കും ശാമിനും ഇടയിൽ അവർ വന്നും പോയുമിരുന്നു. അവർ മദീനയുടെ വളരെ സമീപത്തോടുകൂടിയാണ് കടന്നുപോയിരുന്നത്. അതുകൊണ്ട് അപകടസാധ്യതയുമുണ്ടായിരുന്നു. കൂടാതെ ഈ സംഘം പോകുന്ന വഴിയിൽ മുസ്‌ലിമീങ്ങൾക്കെതിരെ ഗോത്രങ്ങളെ ഇളക്കി വിട്ടിരുന്നു. അതുകാരണം രാജ്യത്ത് മുഴുവനും മുസ്‌ലിമീങ്ങൾക്കെതിരെ ശത്രുതയുടെ ഭയാനകമായ അഗ്നിയാണ് പടർന്നിരുന്നത്. അതു തടയേണ്ടതും അനിവാര്യമായിരുന്നു. ഏതായാലും നബിﷺതിരുമേനി കച്ചവടസംഘത്തെ സംബന്ധിച്ച് അറിഞ്ഞപ്പോൾ സയ്ദ് ബിൻ ഹാരിഥയെ അങ്ങോട്ടയച്ചു. അദ്ദേഹം വളരെ ജാഗ്രതയോടുകൂടി പാത്തും പതുങ്ങിയും യീസ് എന്ന സ്ഥലത്ത് ഈ കച്ചവട സംഘത്തെ കണ്ടു. യീസ് എന്നത് ഒരു സ്ഥലത്തിന്റെ പേരാണ്. അത് മദീനയിൽനിന്ന് നാല് ദിവസത്തെ യാത്ര ദൈർഘ്യമുള്ള സമുദ്രതീരത്ത് സ്ഥിതി ചെയ്യുന്നു. അപ്രതീക്ഷിതമായുണ്ടായ ആക്രമണംകൊണ്ട് കച്ചവട സംഘത്തിനു ചെറുത്ത് നിൽക്കാൻ കഴിഞ്ഞില്ല. അവർ തങ്ങളുടെ സാധന സാമഗ്രികൾ ഉപേക്ഷിച്ച് ഓടി രക്ഷപ്പെട്ടു. സയ്ദ് ചിലരെ ബന്ദിയാക്കുകയും കച്ചവട സംഘത്തിന്റെ സാധനങ്ങൾ കൈക്കലാക്കി മദീനയിലേക്ക് തിരിക്കുകയും നബിﷺ തിരുമേനിയുടെ സവിധത്തിലെത്തുകയും ചെയ്തു."(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 670)

ഈ സംഭവങ്ങളിൽ അബുൽ ആസ് ബിൻ റബീഅ് ബന്ദിയാക്കപ്പെട്ടതും ഇസ്‌ലാം സ്വീകരിച്ചതുമായ വിവരവും ലഭിക്കുന്നുണ്ട്. ഇതിന്റെ വിശദീകരണത്തിൽ ഇബ്നു ഇസഹാഖ് പറയുന്നു: "മക്കാ വിജയത്തിനുമുമ്പേ അബുൽ ആസ് ബിൻ റബീഅ് തന്റെ സമ്പത്തും ഖുറയ്ശികളുടെ സമ്പത്തുമായി കച്ചവടത്തിന് ശാമിലേക്ക് പുറപ്പെട്ടു. അങ്ങനെ കച്ചവടം കഴിഞ്ഞ് തന്റെ സംഘത്തെയുംകൂട്ടി തിരിച്ചു വരുമ്പോൾ നബിﷺ തിരുമേനിയുടെ ഒരു സൈന്യം നേർക്കുനേർ വന്നിരുന്നു. സ്വഹാബാക്കൾ അവരുടെ കൈയിലുണ്ടായിരുന്ന എല്ലാ സമ്പത്തും പിടിച്ചെടുത്തു. സംഘാംഗങ്ങളെ മുഴുവനും ബന്ദികളാക്കുകയും ചെയ്തു.

ഇബ്നു സഅ്ദ് എഴുതിയിരിക്കുന്നു: ഹദ്റത്ത് സയ്ദ്ؓഈ സംഘത്തെ- അതിൽ അബുൽ ആസും ബന്ദിയാക്കപ്പെട്ടിരുന്നു-മദീനയിലെത്തിച്ചു. ഇമാം സുഹ്‌രിയുടെയും ഇബ്നു ഉഖ്ബയുടെയും വീക്ഷണത്തിൽ അബൂബസ്വീറും അബൂ ജൻദലും ഇരുവരും അബുൽ ആസിന്റെ ഈ സംഘത്തിന്റെ സമ്പത്തുകൾ പിടിച്ചെടുക്കുകയും അവരെ ബന്ദിയാക്കുകയും ചെയ്തു. ഇവരിരുവരുടെയും സങ്കേതം സീ

ഫിൽബഹ്ർ ആയിരുന്നു. ഇതു സംബന്ധിച്ച് കഴിഞ്ഞ പ്രാവശ്യം പറഞ്ഞതാണ്. ഇവർ യീസ്വിന്റെ പ്രാന്ത പ്രദേശങ്ങളിൽ സമുദ്ര തീരത്താണുണ്ടായിരുന്നത്. ഇവരിരുവരും ഈ സംഘങ്ങളെ ആരെയും വധിച്ചില്ല. കാരണം അവർക്ക് നബിﷺതിരുമേനിയുമായി വിവാഹ ബന്ധമുണ്ടായിരുന്നു. ഇദ്ദേഹം നബിﷺതിരുമേനിയുടെ ജാമാതാവായിരുന്നു. ഒരു നിവേദനത്തിൽ അബുൽ ആസ് നബിﷺതിരുമേനിയുടെ അതായത് സയ്ദ് ബിൻ ഹാരിഥയുടെ സൈന്യത്തിന്റെ കൈയിൽനിന്ന് കുതറി ഓടി. മുസ്‌ലിമീങ്ങൾ ഈ സംഘത്തിന്റെ സ്വത്തുക്കളുമായി തിരിച്ചെത്തിയപ്പോൾ അബുൽ ആസ്വും രാത്രി മദീനയിൽ തന്റെ ഭാര്യ ഹദ്റത്ത് സയ്നബ് ബിൻത് റസൂലുല്ലായുടെ അടുക്കലെത്തി സംരക്ഷണം ആവശ്യപ്പെട്ടു. ഹദ്റത്ത് സയ്നബ്, അബുൽ ആസിന് സംരക്ഷണം നൽകി. രാവിലെ നമസ്കാരത്തിന് നബിﷺതിരുമേനി തക്ബീർ ചൊല്ലുകയും സ്വഹാബാക്കൾ അതേറ്റുചൊല്ലി നമസ്കാരം ആരംഭിക്കുകയും ചെയ്തു. ഹദ്റത്ത് സയ്നബ്ؓസ്ത്രീകളുടെ സ്ഥലത്തുനിന്ന് ഉറക്കെ വിളിച്ചുപറഞ്ഞു. മറ്റൊരു നിവേദനത്തിൽ പറയുന്നു: അവർ തന്റെ വീടിന്റെ മുന്നിൽനിന്ന് ഉറക്കെ വിളിച്ചുപറഞ്ഞു: "ജനങ്ങളേ! ഞാൻ അബുൽ ആസിന് അഭയം നൽകിയിരിക്കുന്നു." നബിﷺതിരുമേനി സലാം വീട്ടിയപ്പോൾ ജനങ്ങളുടെനേരെ തിരിഞ്ഞു പറഞ്ഞു: "ജനങ്ങളേ!ഞാൻ കേട്ടത് നിങ്ങളും കേട്ടില്ലേ?" അവർ പറഞ്ഞു: കേട്ടു. നബിﷺതിരുമേനി പറഞ്ഞു: "മുഹമ്മദ്ﷺന്റെ ജീവൻ ആരുടെ കൈയിലാണോ അവനാണെ സത്യം! എനിക്ക് ഈ കാര്യങ്ങളെ സംബന്ധിച്ച് ഒന്നും അറിയില്ലായിരുന്നു, നേരത്തെ അറിവുണ്ടായിരുന്നില്ല. ഇപ്പോൾ ഞാൻ സയ്നബിൽ നിന്നാണ് ഇതെല്ലാം കേൾക്കുന്നത്. നിങ്ങൾ കേട്ടതുപോലെ തന്നെ. മുസ്‌ലിമീങ്ങൾ തങ്ങളുടെ ശത്രുക്കൾക്കെതിരെ ഒറ്റക്കൈയാകുന്നു." തുടർന്നു പറഞ്ഞു: "മുസ്‌ലിമീങ്ങൾ തങ്ങളുടെ ശത്രുക്കൾക്കെതിരെ ഒന്നിച്ചു നിൽക്കുന്നു, അവരിലെ ഏതെങ്കിലും ദുർബലനായ വ്യക്തി പോലും ആർക്കെങ്കിലും അഭയം നൽകുമ്പോൾ നമ്മളും അയാൾക്ക് അഭയം നൽകുന്നതാണ്." പിന്നീട് നബിﷺതിരുമേനി വീട്ടിൽപോയി. ഹദ്റത്ത് സയ്നബും പിന്നാലെ വീട്ടിൽ പ്രവേശിച്ചു. അബുൽ ആസിൽനിന്ന് പിടിച്ചെടുത്ത സമ്പത്ത് തിരിച്ചു കൊടുക്കണമെന്ന് അപേക്ഷിച്ചു. നബിﷺതിരുമേനി അപേക്ഷ സ്വീകരിച്ചു. തുടർന്നു പറഞ്ഞു: "മകളേ! നീ ഇയാളെ നല്ലപോലെ പരിഗണിക്കുക. പക്ഷേ, ഒറ്റയ്ക്ക് അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തരുത്. അദ്ദേഹം നിനക്ക് ഇന്നുമുതൽ അനുവദനീയമല്ല. കാരണം അയാൾ കാഫിറും നീ മുസ്‌ലിമുമാകുന്നു." നബിﷺതിരുമേനി അബുൽ ആസിന്റെ സ്വത്ത് പിടിച്ചെടുത്ത സൈനിക സംഘത്തോടു പറഞ്ഞു: "ഈ വ്യക്തി നമ്മളിൽ നിന്നുള്ള ആളാകുന്നു. നിങ്ങൾക്കും അതറിയാം. അതായത് എനിക്ക് ഇദ്ദേഹവുമായി ബന്ധമുണ്ട്. നിങ്ങൾ ഇദ്ദേഹത്തിന്റെ സ്വത്ത് പിടിച്ചെടുത്തിരിക്കുന്നു. നിങ്ങൾ ഔദാര്യം ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ സ്വത്തുക്കൾ തിരിച്ചു കൊടുക്കുക." അതായത് നബിﷺതിരുമേനി കൽപ്പന നൽകുകയല്ല ചെയ്യുന്നത്. പ്രത്യുത ഔദാര്യപൂർവ്വം അദ്ദേഹത്തിന്റെ സ്വത്തുക്കൾ തിരിച്ചു കൊടുക്കാനാണ് പറയുന്നത്. അത് നമുക്ക് സന്തോഷമുള്ള കാര്യമായിരിക്കും. ഇനി നിങ്ങൾ ഇത് നിഷേധിക്കുകയാണെങ്കിൽ അത് അല്ലാഹുവിന്റെ ഭാഗത്തുനിന്നു നിങ്ങൾക്കുള്ള സമരാർജിത സ്വത്തുക്കളാകുന്നു. അത് അവൻ നിങ്ങൾക്ക് നൽകിയതാണ്. ഞാൻ അതിൽ ഒരു ആക്ഷേപവും ഉന്നയിക്കുന്നതല്ല. നിങ്ങൾ അതിന് ഏറെ അർഹരുമാണ്." അപ്പോൾ സ്വഹാബാക്കൾ പറഞ്ഞു: "ഞങ്ങൾ ഈ സ്വത്ത് അയാൾക്ക് തിരിച്ചു കൊടുക്കാം."

ഇബ്നു ഉഖ്ബ എഴുതുന്നു: അബൂ ജൻദലും കൂട്ടുകാരും ബന്ദിയാക്കിയ തന്റെ കൂട്ടുകാരെയും അവരിൽനിന്ന് പിടിച്ചെടുത്ത സ്വത്തിനെയും കുറിച്ച് ഹദ്റത്ത് സയ്നബിനോടു സംസാരിച്ചു. തുടർന്ന് ഹദ്റത്ത് സയ്നബ് നബിﷺതിരുമേനിയോട് അതേപ്പറ്റി സംസാരിച്ചു. നബിﷺതിരുമേനി പുറത്തു വന്ന് ജനങ്ങളോടു ഒരു പ്രഭാഷണം നടത്തി. നബിﷺതിരുമേനി പറഞ്ഞു: "നാം ഏതാനും ആളുകളെ ജാമാതാക്കളാക്കിയിട്ടുണ്ട്. അബുൽ ആസിനേയും ജാമാതാവ് ആക്കിയിരിക്കുന്നു. അദ്ദേഹത്തെ ഒരു നല്ല ജാമാതാവായിട്ടാണ് കണ്ടിരിക്കുന്നത്. അദ്ദേഹം തന്റെ ഖുറയ്ശീ സുഹൃത്തുക്കളോടൊപ്പം ശാമിൽ നിന്ന് തിരിച്ചു വരുമ്പോൾ അബൂജൻദലും അബൂബസീറും അവരെ പിടികൂടി ബന്ദികളാക്കി, അവരുടെ കൈയിലുണ്ടായിരുന്നത് മുഴുവനും പിടിച്ചെടുത്തു. പക്ഷേ, ആരെയും വധിച്ചില്ല. സയ്നബ് എന്നോടു ഇദ്ദേഹത്തിന് അഭയം നൽകാൻ ആവശ്യപ്പെടുന്നു. നിങ്ങളും അബുൽ ആസിനും അദ്ദേഹത്തിന്റെ കൂട്ടുകാർക്കും അഭയം നൽകുന്നുവോ? ആളുകൾ പറഞ്ഞു: "തീർച്ചയായും." നബിﷺതിരുമേനി, അബുൽ ആസിനെയും അദ്ദേഹത്തിന്റെ കൂട്ടുകാരെയും പറ്റി പറഞ്ഞ വർത്തമാനങ്ങൾ അബൂജൻദലിന്റെയും കൂട്ടുകാരുടെയും അടുക്കലെത്തി. അപ്പോൾ അവർ ഈ ശത്രുക്കളെ മുഴുവനും സ്വതന്ത്രരാക്കി, അവരിൽ നിന്ന് പിടിച്ചെടുത്ത സർവ്വ സാധനങ്ങളും എന്തിനധികം ഒരു കയറിന്റെ കഷണമുണ്ടായിരുന്നെങ്കിൽ അതുപോലും തിരിച്ചു കൊടുത്തു. ഇബ്നു ഇസ്ഹാഖും ഉമറുംؓ പറയുന്നു:''സ്വഹാബാക്കൾ അവരുടെ എല്ലാ സാധനങ്ങളും തിരിച്ചുകൊടുത്തു. ചിലർ വെള്ളത്തിന്റെ പാത്രങ്ങൾ വേറെ ചിലർ ബക്കറ്റുമായി വരുന്നു, വേറെ ചിലർ തുകൽപാത്രങ്ങളുമായും വരുന്നുണ്ടായിരുന്നു. മറ്റു ചിലർ പല്ലക്കിന്റെ വടികളുമായെത്തി. ചുരുക്കത്തിൽ അവർ ബന്ദികളോടൊപ്പം എല്ലാ സാധനങ്ങളും തിരിച്ചു കൊടുത്തു. അതിൽ ഒരു സാധനവും നഷ്ടപ്പെട്ടിട്ടുണ്ടായിരുന്നില്ല.

തുടർന്ന് അബുൽ ആസ് ഈ സ്വത്തുമായി മക്കയിലേക്ക് തിരിച്ചു. ഓരോ അവകാശിക്കും അയാളുടെ അവകാശം കൊടുത്തുവീട്ടി. തുടർന്ന് അദ്ദേഹം മക്കക്കാരോടു പറഞ്ഞു: "അല്ലയോ മക്കാ നിവാസികളേ, നിങ്ങളുടെ ഏതെങ്കിലും സ്വത്ത് ഇനി എന്റെ പക്കൽ ബാക്കിയുണ്ടോ? അല്ലയോ മക്കാ നിവാസികളേ, ഞാൻ ഉത്തരവാദിത്വം പൂർണമായും നിറവേറ്റിയില്ലേ?" എല്ലാവരും പറഞ്ഞു: "അതെ. അല്ലാഹു നിനക്ക് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. നിന്നെ നല്ല കൂറുള്ള മനുഷ്യനായിട്ടാണ് ഞങ്ങൾ കണ്ടത്." അപ്പോൾ അബുൽ ആസ് താൻ ഇസ്‌ലാം സ്വീകരിക്കുകയാണെന്ന് പ്രഖ്യാപിച്ചു. അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്നും മുഹമ്മദ്ﷺഅല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. നബിﷺതിരുമേനിയുടെ പക്കൽ ഇസ്‌ലാം സ്വീകരിക്കുന്ന കാര്യത്തിൽ ഒരു കാര്യവും എന്നെ തടയാനില്ലായിരുന്നു. അതായത്, ഞാൻ മദീനയിലായിരുന്നപ്പോൾ എനിക്ക് ഇസ്‌ലാം സ്വീകരിക്കാമായിരുന്നു. പക്ഷേ, ഞാൻ നിങ്ങളുടെ സ്വത്ത് തിന്ന് മുടിക്കുമെന്ന് നിങ്ങൾ ശങ്കിച്ചാലോ എന്ന് ഞാൻ ഭയപ്പെട്ടു. അല്ലാഹു എന്റെ പക്കൽ അമാനത്തായിട്ടുണ്ടായിരുന്ന സമ്പത്ത് നിങ്ങളിൽ എത്തിച്ചിരിക്കുന്നു. ഞാൻ അത് നിങ്ങൾക്ക് തിരിച്ചു തന്നിരിക്കുന്നു. ഞാൻ അതിൽനിന്ന് വിരമിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ മുസ്‌ലിം ആകുകയാണ്. പിന്നെ അദ്ദേഹം അവിടെ നിന്ന് പുറപ്പെട്ട് നബിﷺതിരുമേനിയുടെ അടുക്കൽ മദീനയിലെത്തി. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 6, പേജ് 83-84 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് വാല്യം 2, പേജ് 66-67, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് പേജ് 160, സവാർ അക്കാഡമി കറാച്ചി)*

ഇതു സംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു:"യീസ്വിലേക്ക് പുറപ്പെട്ട സൈനിക സംഘം പിടികൂടിയ ബന്ദികളിൽ അബുൽ ആസ് ബിൻ റബീഉം ഉണ്ടായിരുന്നു. ഇദ്ദേഹം നബിﷺതിരുമേനിയുടെ ജാമാതാവും ഹദ്റത്ത് ഖദീജയുടെ അടുത്ത ബന്ധുവുമായിരുന്നു. ഇതിനുമുമ്പേ ഇദ്ദേഹം ബദ്ർ യുദ്ധത്തിലും ബന്ദിയാക്കപ്പെട്ടിരുന്നു. അന്ന് നബിﷺതിരുമേനി അദ്ദേഹം മക്കയിൽ പോയി നബിﷺതിരുമേനിയുടെ മകൾ ഹദ്റത്ത് സയ്നബയെ മദീനയിൽ തിരിച്ചയക്കുകയാണെങ്കിൽ മോചിപ്പിക്കാമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ വിട്ടയച്ചതായിരുന്നു. അബുൽ ആസ് തന്റെ വാഗ്ദാനം നിറവേറ്റിയെങ്കിലും സ്വയം ശിർക്കിൽത്തന്നെ തുടർന്നുപോന്നു. സയ്ദ് ബിൻ ഹാരിഥ അദ്ദേഹത്തെ ബന്ദിയാക്കി മദീനയിലെത്തിച്ചപ്പോൾ രാത്രി സമയമായിരുന്നു. അബുൽ ആസ് എങ്ങനെയോ ഹദ്റത്ത് സയ്നബിന് താൻ ബന്ദിയായി ഇവിടെ എത്തിയിട്ടുണ്ടെന്ന വിവരം അറിയിക്കുകയും തനിക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ ചെയ്യണമെന്ന് അഭ്യർഥിക്കുകയും ചെയ്തു. ആ സമയത്ത് നബിﷺതിരുമേനിയും സ്വഹാബാക്കളും സുബ്ഹി നമസ്കാരത്തിന്റെ തിരക്കിലായിരുന്നു. സയ്നബ് ؓതന്റെ വീടിന്റെ ഉള്ളിൽനിന്നുതന്നെ ഉറക്കെ വിളിച്ചു പറഞ്ഞു: "അല്ലയോ മുസ്‌ലിമീങ്ങളേ! ഞാൻ അബുൽ ആസിന് അഭയം നൽകിയിരിക്കുന്നു." നബിﷺതിരുമേനി നമസ്കാരം കഴിഞ്ഞപ്പോൾ സ്വഹാബാക്കളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: "സയ്നബ് പറഞ്ഞത് നിങ്ങളും കേട്ടില്ലേ? അല്ലാഹുവാണെ സത്യം! എനിക്ക് അതിനെക്കുറിച്ച് ഒരു അറിവുമുണ്ടായിരുന്നില്ല. മുഅ്മിനീങ്ങളുടെ സംഘം ഒരൊറ്റജീവൻപോലെയാണ്. അവരിലാരെങ്കിലും ഏതെങ്കിലും അവിശ്വാസിക്ക് അഭയം നൽകിയാൽ അതിനെ ആദരിക്കേണ്ടത് അനിവാര്യമാകുന്നു." തുടർന്ന് സയ്നബിനെ വിളിച്ചിട്ട് പറഞ്ഞു:

"നീ അഭയം നൽകിയവർക്ക് ഞങ്ങളും അഭയം നൽകുന്നു." ഈ നീക്കത്തിൽ അബുൽ ആസിൽ നിന്ന് പിടിച്ചെടുത്ത സ്വത്ത് മുഴു

വനും അദ്ദേഹത്തിന് തിരിച്ചു കൊടുത്തു. തുടർന്ന് നബിﷺ തിരുമേനി വീട്ടിൽപോയി. തന്റെ മകൾ സയ്നബിനോട്ؓ പറഞ്ഞു: "അബുൽ ആസിനെ നല്ല പോലെ സൽക്കരിക്കുക. പക്ഷേ, അദ്ദേഹവുമായി ഒറ്റക്ക് കൂടിക്കാഴ്ച നടത്തരുത്. കാരണം ഇപ്പോഴത്തെ സാഹചര്യത്തിൽ നീ അദ്ദേഹവുമായി കൂടുന്നത് അനുവദനീയമല്ല." അബുൽ ആസ് ഏതാനും ദിവസം മദീനയിൽ താമസിച്ചതിനുശേഷം മക്കയിൽ തിരിച്ചുപോയി. പക്ഷേ, അദ്ദേഹം മക്കയിൽ പോയത് അവിടെ സ്ഥിരതാമസമാക്കാനായിരുന്നില്ല. അദ്ദേഹം വളരെ വേഗം തന്റെ ഇടപാടുകളെല്ലാം തീർത്ത് ശഹാദത്ത് കലിമ ചൊല്ലി മദീനയിലേക്ക് പുറപ്പെട്ടു. നബിﷺതിരുമേനിയുടെ സവിധത്തിലെത്തി മുസ്ലിമായി. അപ്പോൾ നബിﷺതിരുമേനി പുതിയ ഒരു നിക്കാഹ് നടത്താതെതന്നെ ഹദ്റത്ത് സയ്നബിനെ അദ്ദേഹത്തിന്റെ അടുക്കൽ പറഞ്ഞയച്ചു. ഇനി ഭാര്യ എന്ന നിലയ്ക്ക് കഴിയാനുള്ള അനുവാദം നൽകി...... ചില നിവേദനങ്ങളിൽ ആ സമയത്ത് ഹദ്റത്ത് സയ്നബിന്റെയും അബുൽ ആസിന്റെയും നിക്കാഹ് വീണ്ടും നടത്തിയെന്നും പറയപ്പെടുന്നു. പക്ഷേ, ആദ്യത്തെ നിവേദനമാണ് കൂടുതൽ പ്രബലവും ശരിയുമാ യിട്ടുള്ളത്. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 60-671)*

ഹദ്റത്ത് അബുൽ ആസിന്റെ കച്ചവടം മക്കയിലായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് മദീനയിൽ തങ്ങാൻ കഴിയുമായിരുന്നില്ല. അങ്ങനെ ഇസ്ലാം സ്വീകരിച്ചതിനുശേഷം അദ്ദേഹം നബിﷺതിരുമേനിയിൽനിന്ന് അനുവാദം വാങ്ങി മക്കയിൽ തിരിച്ചുപോയി. മക്കയിൽ താമസിച്ചതുകാരണം അദ്ദേഹത്തിന് യുദ്ധങ്ങളിൽ പങ്കെടുക്കാൻ അവസരം കിട്ടിയിട്ടില്ല. ഹദ്റത്ത് അലിയുടെؓനേതൃത്വത്തിൽ ഹിജ്റ പത്താം വർഷം പറഞ്ഞുവിട്ട ഒരു സൈനിക യജ്ഞത്തിൽ മാത്രമേ അദ്ദേഹത്തിന് പങ്കെടുക്കാൻ അവസരമുണ്ടായിട്ടുള്ളൂ. ഹദ്റത്ത് അലിؓയമനിൽനിന്ന് തിരിച്ചു വരുമ്പോൾ അദ്ദേഹത്തെ യമനിൽ കൈകാര്യകർത്താവായി നിയമിച്ചു. ഹദ്റത്ത് സയ്നബ്ؓഹിജ്റ എട്ടാം വർഷം വഫാത്തായതിനുശേഷം അബുൽ ആസ്വും കൂടുതൽ കാലം ജീവിച്ചിരുന്നില്ല. ഹിജ്റ പന്ത്രണ്ടാം വർഷം അദ്ദേഹവും വഫാത്തായി. *(സയ്റുസ്സ്വഹാബ വാള്യം 4 പേജ് 491, ദാറുൽഇശാഅത്ത് കറാച്ചി) (ഉസുദുൽഗാബ വാള്യം 6, പേജ് 182-183, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത്)(ഉസുദുൽഗാബ വാള്യം 6, പേജ് 132, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത്)*

പിന്നീട് ഒരു യുദ്ധത്തെ കുറിച്ച് വിവരം ലഭിക്കുന്നുണ്ട്. ഇത് ലിഹ്യാൻ എന്നപേരിലും ലഹ്യാൻ എന്ന പേരിലും രണ്ടുപേരിലും വരുന്നുണ്ട്.*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 677)*

ബനൂലഹ്യാൻ ബനൂഹുദയ്ലിന്റെ ഒരു ശാഖയായിരുന്നു. മക്കയിൽനിന്ന് ഏകദേശം നാലര കിലോമീറ്റർ അകലെയാണ് ഉസ്ഫാൻ താഴ്വരയുള്ളത്. അതിന്റെ വടക്കുകിഴക്ക് അഞ്ചു മൈൽ ദൂരത്തുള്ള ഗുറാൻ താഴ്വരയിലാണ് ബനൂലഹ്യാൻ താമസിച്ചിരുന്നത്. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 30 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (ഫർഹങ്ങെ സീറത്ത് പേജ് 200-219, പ്രസാധനം സവാർ അക്കാഡമി കറാച്ചി)*

ബനൂലഹ്യാൻ യുദ്ധം ഏതു വർഷം ഏതു മാസത്തിലാണ് ഉണ്ടായതെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട്.

അല്ലാമാ ഇബ്നു സഅ്ദിന്റെ വീക്ഷണത്തിൽ ഈ യുദ്ധം ഹിജ്റ ആറാം വർഷം റബീഉൽ അവ്വൽ മാസത്തിന്റെ തുടക്കത്തിലാണ് നടന്നത്. മുഹമ്മദുബ്നു ഉമർ ഹിജ്റ 6 റജബിലാണെന്നും അല്ലാമ ഇബ്നു ഇസ്ഹാഖ് ഈ യുദ്ധം ബനൂഖുറയ്ള യുദ്ധത്തിന്റെ ആറു മാസങ്ങൾക്കുശേഷം ഹിജ്റ ആറിൽ ജമാദുഅവ്വൽ മാസത്തിലാണ് നടന്നതെന്നും എഴുതുന്നു. അല്ലാമ ഹാക്കിം ഇത് ശഅ്ബാൻ മാസത്തിലാണ് ഉണ്ടായതെന്ന് പറയുന്നു. അല്ലാമാ ഇബ്നു ഹസം ഹിജ്റ അഞ്ചാം വർഷത്തിലാണെന്നും അല്ലാമ ദഹ്ബി ഹിജ്റ ആറാം വർഷമാണെന്നും ചില ചരിത്രകാരന്മാർ ഇത് ഹിജ്റ നാലാം വർഷമാണെന്നും എഴുതിയിട്ടുണ്ട്. ഇതിന്റെയൊക്കെ വെളിച്ചത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓഇത് ഹിജ്റ ആറാം വർഷം ജമാദുൽ അവ്വൽ മാസത്തിൽ, അതായത് ഏ.ഡി 627 സെപ്റ്റംബർ മാസത്തിലാണ് നടന്നതെന്ന് എഴുതുന്നു.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 30-31 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(സീറത്തുന്നബി ലി ഇബ്നിഹിശാം പേജ് 663, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

അദ്ദേഹം എഴുതുന്നു: "ബനൂലഹ്യാൻ യുദ്ധത്തിന്റെ തിയതിയെപ്പറ്റി ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഇബ്നു സഅ്ദ് ഹിജ്റ ആറാം വർഷം റബീഉൽ അവ്വലിലാണെന്ന് വിവരിക്കുമ്പോൾ ഇബ്നു ഇസ്ഹാഖിന്റെയും ത്വബ്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇത് ഹിജ്റ ആറാം വർഷം ജമാദുൽ അവ്വലിലാണ് ഉണ്ടായത്. അദ്ദേഹം പറയുന്നു: ഇവിടെ ഇബ്നു ഇസ്ഹാഖിനെയാണ് ഞാൻ അനുകൂലിക്കുന്നത്. അതായത് ഇദ്ദേഹത്തിന്റെ വീക്ഷണത്തിൽ അത് ശരിയാകുന്നു. വല്ലാഹു അഅ്ലം."*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 674-676)*

ബനൂലഹ്യാൻ യുദ്ധത്തിന്റെ പശ്ചാത്തലത്തെപ്പറ്റി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎഴുതുന്നു: അദ്ദേഹം അസ്ഹാബ്റജീയിന്റെ വേദനാജനകമായ സംഭവത്തെ ഉദ്ധരിച്ചുകൊണ്ട് വിവരിക്കുന്നു:

"ഈ അവസരത്തിൽ നിരപരാധികളായ പത്തു മുസ്ലിമീങ്ങൾ, ഇവർ ഇസ്ലാമിന്റെ പരിശുദ്ധ സന്ദേശ പ്രചാരണത്തിനുവേണ്ടി അയക്കപ്പെട്ടവരായിരുന്നു. ഇവരെ വളരെ നിഷ്ഠൂരമായി ചതിയിൽപ്പെടുത്തി വധിക്കുകയായിരുന്നു. ഈ എല്ലാ ഫിത്നയുടെയും അടിവേര് ബനൂലഹ്യാൻ ഗോത്രക്കാരായിരുന്നു. അവർ അന്ന് മക്കയ്ക്കും മദീനയ്ക്കുമിടയിലുള്ള ഗുറാൻ താഴ്വരയിലാണ് താമസിച്ചിരുന്നത്. സ്വാഭാവികമായും നബിﷺതിരുമേനിക്ക് ഈ സംഭവത്തിൽ വളരെയേറെ വേദനയുണ്ടായിരുന്നു. ബനൂലഹ്യാന്റെ നീക്കം അപ്പോഴും ശത്രുതയും കുഴപ്പങ്ങളും നിറഞ്ഞതായിരുന്നു. അവർ ഇനിയും മുസ്ലിമീങ്ങൾക്കെതിരിൽ എന്തെങ്കിലും ഫിത്നയ്ക്ക് കാരണമാകുമെന്ന ആശങ്കയുമുണ്ടായിരുന്നു. അതുകൊണ്ട് നബിﷺതിരുമേനി സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ അവരെ എത്രയുംവേഗം വടക്കു ഭാഗത്ത് മാറ്റാൻ കഴിയുമെങ്കിൽ അത് ചുരുങ്ങിയ പക്ഷം മുസ്ലിമീങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഫിത്നയിൽ നിന്ന് രക്ഷപ്പെടാനെങ്കിലും ഉപകരിക്കുമെന്ന് കരുതി."*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 674-675)*

അതുകൊണ്ട് നബിﷺതിരുമേനി ഹദ്റത്ത് ഇബ്നു ഉമ്മിമക്തൂമിനെ മദീനയിൽ പ്രതിനിധിയായി നിശ്ചയിച്ചുകൊണ്ട് വടക്കു ഭാഗത്തേക്കുള്ള നീക്കവുമായി പുറപ്പെട്ടു.

നബിﷺതിരുമേനിയുടെകൂടെ ഇരുന്നൂറ് സ്വഹാബാക്കളും ഇരുപത് കുതിരസവാരിക്കാരുമുണ്ടായിരുന്നു. അവർ മദീനയിൽനിന്ന് വടക്കു ഭാഗത്ത് ശാമിലേക്കുള്ള വഴിയിലൂടെ പുറപ്പെട്ടു. അതേസമയം ബനൂലഹ്യാൻ മദീനയുടെ തെക്കുഭാഗത്ത് ഹിജാസിൽ മക്കയിലേക്കുള്ള വഴിയുടെ സമീപമാണുണ്ടായിരുന്നത്. വടക്കുഭാഗത്ത് പോകാൻ കാരണവുമുണ്ട്. അങ്ങനെ ആക്രമണത്തിന്റെ അറിയിപ്പുകിട്ടി അവർ ഓടി രക്ഷപ്പെടാതിരിക്കാൻവേണ്ടി നബിﷺതിരുമേനി ബനൂലഹ്യാനുമേൽ അവർ ഒന്നുമറിയാതിരിക്കുന്ന സമയത്ത് അപ്രതീക്ഷിതമായി യുദ്ധം ചെയ്യണമെന്ന് ഉദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഈ ലക്ഷ്യസാധ്യത്തിനുവേണ്ടി നബിﷺതിരുമേനി സാധാരണ വഴി ഒഴിവാക്കി. വളരെ വേഗം യാത്ര ചെയ്ത് ബനൂലഹ്യാന്റെ നാടായ ഗുറാനിലെത്തി. അവിടെയാണ് നബിﷺതിരുമേനിയുടെ സ്വഹാബാക്കൾ ശഹീദായത്.

**• ഹദീഥുന്നബ്വിﷺ •**

**"അസ്സ്വബ്റു രിളൻ."**
**വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.**

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്വിﷺ •**

**"അൽമത്വ്ഊനു ശഹീദുൻ."**
**പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.**

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

നബിﷺതിരുമേനി ശഹീദായ തന്റെ സ്വഹാബാക്കൾക്ക് കാരുണ്യത്തിനുവേണ്ടി ദുആ ചെയ്തു. ബനൂലഹ്‌യാൻ നബിﷺതിരുമേനിയുടെ വരവിനെക്കുറിച്ച് അറിയിപ്പു കിട്ടിയപ്പോൾ മലമുകളിലേക്ക് ഓടി രക്ഷപ്പെട്ടു. അതുകൊണ്ട് അവരിൽ ആരെയും പിടികൂടാൻ കഴിഞ്ഞില്ല.” *(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 30 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അർറഹീഖുൽമഖ്തൂം പേജ് 284)*

നബിﷺതിരുമേനി ഒന്നോ രണ്ടോ ദിവസം അവിടെ താമസിക്കുകയും എല്ലാ ഭാഗത്തേക്കും സംഘങ്ങളെ അയക്കുകയും ചെയ്തെങ്കിലും ആരെയും പിടികൂടാൻ കഴിഞ്ഞില്ല. നബിﷺതിരുമേനി തന്റെ കേന്ദ്രത്തിലെത്തി അവിടെ കുറച്ചു സമയം തങ്ങി. നിവേദനത്തിൽ വരുന്നു:

“ഈ യാത്രയിൽ സ്വഹാബാക്കൾ ശഹീദായ നിശ്ചിത സ്ഥലത്തെത്തിയപ്പോൾ നബിﷺതിരുമേനിക്ക് വളരെയേറെ വിഷമമുണ്ടായി. വളരെ കരഞ്ഞു വിലപിച്ച് ആ ശുഹദാക്കൾക്കുവേണ്ടി ദുആ ചെയ്തു.”*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 675)*

വീണ്ടും എഴുതുന്നു: ‘ബനൂലഹ്‌യാനുമേൽ അപ്രതീക്ഷിതമായി ആക്രമണം നടത്തണമെന്ന് ഉദ്ദേശിച്ചിരുന്നെങ്കിലും അവർ പർവ്വതനിരകളിലേക്ക് ഓടിപ്പോയതിനാൽ അത് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. പക്ഷേ, നബിﷺതിരുമേനി ഉസ്ഫാൻവരെയും പോയി. നബിﷺതിരുമേനി മക്കയിലേക്ക് വരുന്നുണ്ടെന്നും തന്റെ സ്വഹാബാക്കളുമായി ഉസ്ഫാനിലേക്ക് പോയിരിക്കുന്നുവെന്നും മക്കക്കാർ മനസിലാക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്തത്. ഇബ്നു ഇസ്ഹാഖിന്റെ വീക്ഷണത്തിൽ നബിﷺതിരുമേനി രണ്ട് കുതിരപ്പടയാളികളെ അയച്ചു. ഇബ്നു സഅ്ദിന്റെ വീക്ഷണത്തിൽ നബിﷺതിരുമേനി ഹദ്റത്ത് അബൂബക്റിനെؓ പത്ത് കുതിര സവാരിക്കാരോടൊപ്പം അയച്ചിരുന്നു. അങ്ങനെ ഖുറയ്ശികൾ അവരെക്കുറിച്ച് കേൾക്കുകയും ഭയപ്പെടുകയും ചെയ്യട്ടെയെന്ന് കരുതി. ഹദ്റത്ത് അബൂബക്ർؓ കുറാഉൽ ഗമീംവരെയാണ് പോയത്. ഇത് ഉസ്ഫാനിൽ നിന്ന് എട്ടുമൈൽ അകലെയുള്ള താഴ്വരയാണ്. പിന്നീട് ഹദ്റത്ത് അബൂബക്ർؓഉസ്ഫാനിൽ തിരിച്ചുവന്നു. അദ്ദേഹത്തിന് ആരെയും നേരിടേണ്ടി വന്നില്ല. അതിനുശേഷം നബിﷺതിരുമേനി മദീനയിലേക്ക് തിരിച്ചു പുറപ്പെട്ടു. പതിനാലു ദിവസം പുറത്ത് കഴിഞ്ഞതിനു ശേഷമാണ് തിരിച്ചെത്തിയത്. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 30 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(ഫർഹങ്കെ സീറത്ത് പേജ് 243, പ്രസാധനം സവാർ അക്കാഡമി കറാച്ചി)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎഴുതുന്നു: “തിരിച്ചുവരുന്ന യാത്രയ്ക്കിടയിൽ അവിടന്ന് ഒരു ദുആ ചെയ്തു. അതു പിന്നീട് മുസ്‌ലിമീങ്ങൾ തങ്ങളുടെ യാത്രയിൽനിന്ന് തിരിച്ചു വരുമ്പോൾ പൊതുവെ ചൊല്ലാറുണ്ടായിരുന്നു. അത് ഇപ്രകാരമാകുന്നു: ആഇബൂന താഇബൂന ആബിദൂന സാജിദൂന ലിറബ്ബിനാ ഹാമിദൂൻ. അതായത് ഞങ്ങൾ ഞങ്ങളുടെ നാഥനിലേക്ക് മടങ്ങുന്നവരും അവനു മുന്നിൽ കുനിയുന്നവരും അവനെ ആരാധിക്കുന്നവരും അവനു മുന്നിൽ പ്രണാമം ചെയ്യുന്നവരും ഞങ്ങളുടെ റബ്ബിന്റെ സ്തുതി കീർത്തനം ചെയ്യുന്നവരുമാകുന്നു.”

നബിﷺതിരുമേനിതന്നെയും ശേഷമുള്ള പല യാത്രകളിലും പൊതുവെ ഈ ദുആ ചൊല്ലുമായിരുന്നു. ചില സമയത്ത് സ്വദഖല്ലാഹു വഅ്ദഹു വ നസ്വറ അബ്ദഹു വ ഹസ്മൽ അഹ്സാബ വഹ്ദഹു, അതായത് നമ്മുടെ നാഥൻ വാഗ്ദാനം പൂർത്തിയാക്കുകയും തന്റെ ദാസരെ സഹായിക്കുകയും ശത്രു സൈന്യങ്ങളെ സ്വയം തന്റെ ശക്തികൊണ്ട് പരാജിതരാക്കുകയും ചെയ്തു എന്ന വാക്കുകൾ വർധിപ്പിച്ചു ചൊല്ലുകയും ചെയ്തിരുന്നു.

നബി ചരിത്രകാരന്മാർ ഈ ദുആ ബനൂലഹ്‌യാൻ യുദ്ധവുമായി ബന്ധപ്പെടുത്തിയാണ് വിവരിക്കുന്നത്. ഹദീഥ് പണ്ഡിതന്മാർ അതിനെ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ ദുആ തന്നെയും ഒരു പ്രത്യേകത ഉൾക്കൊള്ളുന്നതാണ്. അത് വായിക്കുമ്പോൾ ആ പ്രയാസഘട്ടത്തിൽ നബിﷺതിരുമേനിയുടെ ഹൃദയാന്തരാളത്തിൽ ഉണ്ടായിരുന്ന വൈകാരിക ഭാവത്തെക്കുറിച്ചും അനുമാനിക്കാൻ കഴിയുന്നതാണ്. അതാണ് നബിﷺതിരുമേനി തന്റെ സ്വഹാബാക്കൾക്കുള്ളിൽ ഉണ്ടാക്കാൻ ആഗ്രഹിച്ചിരുന്നത്.

ഈ ദുആയിൽ ശത്രുക്കളുടെ ഭാഗത്തുനിന്ന് മുസ്‌ലിമീങ്ങളുടെ ആരാധനകളിലും ഇസ്‌ലാമിന്റെ സമാധാന പ്രചാരണവഴിയിലും ഉണ്ടാക്കിക്കൊണ്ടിരുന്ന തടസങ്ങളെ അല്ലാഹു മാറ്റിത്തരണമേയെന്ന ഹൃദയാഭിലാഷവും അല്ലാഹു ഈ തടസം മാറ്റിത്തരുന്നിടത്തോളം അതിൽ നന്ദി പ്രകടിപ്പിച്ചുകൊണ്ടുള്ള കീർത്തനവുമുണ്ടായിരുന്നു.

ഇതിന്റെ ഉദാഹരണമെന്ന് പറയുന്നത് ആരെങ്കിലും വളരെ ഇഷ്ടപ്പെട്ട ഒരു ജോലിയിൽ മുഴുകുകയും പിന്നെ പെട്ടെന്ന് വേറെയാരെങ്കിലും വന്ന് അതിൽ തടസമുണ്ടാക്കി ശ്രദ്ധ തിരിക്കുകയും പിന്നെ കുറച്ച് സമയത്തിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ തടസം മാറുകയും അയാൾ വീണ്ടും തന്റെ പ്രിയപ്പെട്ട ജോലിയിൽ മുഴുകുകയും ചെയ്യുന്നതുപോലെയാണ്. ആ സമയത്ത് അയാളുടെ ഹൃദയാന്തരാളത്തിൽ ഉണ്ടാകുന്ന വികാരങ്ങളാണ് ഈ ദുആയിൽ അന്തർലീനമായിരിക്കുന്നത്. നബി ﷺതിരുമേനി പറയുന്നു:

‘‘നമ്മൾ ഈ യാത്രയുടെ താൽക്കാലിക തടസങ്ങളിൽനിന്ന് മുക്തരായി വീണ്ടും നമ്മുടെ ദൈവത്തിന്റെ സ്മരണയിൽ കഴിച്ചുകൂട്ടുകയും അവന്റെ സ്തുതികീർത്തനത്തിന് അവസരം ലഭിക്കുകയും ചെയ്യുന്ന അവസ്ഥയിൽ തിരിച്ചു വരുകയാണ്. ഇതേദൈവം തന്നെയാണ് നേരത്തെയും പല പ്രാവശ്യം നമ്മളെ ശത്രുക്കളുടെ ഫിത്നകളിൽനിന്ന് സംരക്ഷിച്ചു സമാധാനം നൽകിയവൻ. ഈ വൈകാരികാവസ്ഥ എത്രമാത്രം അനുഗൃഹീതവും മനോഹരവും സമാധാനപൂർണവുമാണ്!

പക്ഷേ, ഖേദകരമെന്ന് പറയട്ടെ, ഇപ്പോഴും ഇസ്‌ലാമിന്റെ ചില ശത്രുക്കൾ ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിൽനിന്ന് പിന്മാറുന്നില്ല. അവർ പറയുന്നത്, “നബിﷺതിരുമേനിയുടെയും അദ്ദേഹത്തിന്റെ സ്വഹാബാക്കളുടെയും യഥാർഥലക്ഷ്യം മൃഗീയമായ യുദ്ധവും ഭൗതിക സ്വത്തു ക്കൾ ആർജിക്കലുമായിരുന്നുവെന്നാണ്.” *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 675–676)*

അടുത്ത സരിയഃ സയ്ദ് ബിൻ ഹാരിഥയാണ്. ഈ സരിയഃ ഹിജ്റ ആറാം വർഷം ജമാദുൽ ആഖർ മാസത്തിലാണുണ്ടായത്. നബിﷺതിരുമേനി സയ്ദ് ബിൻ ഹാരിഥയെ ബനൂ ഥഅ്‌ലബ ബിൻ സഅ്ദിലുള്ള ത്വരിഫ് എന്ന സ്ഥലത്ത് അയച്ചു. ബനൂ ഥഅ്‌ലബയുടെ ഒരു കിണറിന്റെ പേരാണ് ത്വരിഫ്. ഇത് ഇറാഖിലേക്കുള്ള വഴിയിൽ മദീനയിൽനിന്ന് മുപ്പത്തിയാറ് മൈൽ ദൂരെയാണുള്ളത്. ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ പതിനഞ്ച് ആളുകളോടൊപ്പം പുറപ്പെട്ട് ത്വരിഫിലെത്തി. അവിടെനിന്ന് ഒട്ടകങ്ങളെയും ആടുകളെയും പിടികൂടി. നബിﷺതിരുമേനി തങ്ങളുടെ അടുത്ത് വരുന്നുണ്ടന്നറിഞ്ഞ ഗ്രാമീണവാസികൾ ഭയപ്പെടുകയും അവിടെനിന്ന് ഓടിരക്ഷപ്പെടുകയും ചെയ്തു. ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ മൃഗങ്ങളെ മദീനയിൽ തെളിച്ചു കൊണ്ടുവന്നു. ബനൂ ഥഅ്‌ലബയിലെ ആളുകൾ ഈ സ്വഹാബാക്കളെ അന്വേഷിച്ചു പുറപ്പെട്ടെങ്കിലും അവർക്ക് ഇവരെ പിടികൂടാൻ കഴിഞ്ഞില്ല. സ്വഹാബാക്കൾ ഇരുപത് ഒട്ടകങ്ങളെയാണ് പിടിച്ചു കൊണ്ടുവന്നത്. അവർ ഈ സൈനികനീക്കത്തിൽ നാലു രാത്രികൾ പുറത്ത് കഴിച്ചു കൂട്ടിയെങ്കിലും യുദ്ധത്തിന്റെ അവസ്ഥയുണ്ടായില്ല. ഈ സരിയ്യത്തിൽ മുസ്‌ലിമീങ്ങളുടെ കോഡ് ഉമ്മത്ത് ഉമ്മത്ത് എന്നായിരുന്നു. *(സുബുലുൽഹുദാ വർറശാദ് വാള്യം 6, പേജ് 87, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇന്ന് ലോകത്തിന്റെ അവസ്ഥ എല്ലാവർക്കും അറിയുന്നതാണ്. ശാമിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അവസ്ഥകൾ ഇപ്പോൾ വ്യക്തമായിട്ടില്ല. ഒരു അക്രമിയായ സ്വേച്ഛാധിപത്യ ഭരണകൂടം അവസാനിച്ചുവെന്ന് പറയപ്പെടുന്നു. എന്നാൽ, ഇനി വരാനുള്ള ഭരണകൂടവും നീ

## • ഹദീഥുന്നബ്‌വിﷺ •

“ലാ വസ്വിയ്യത്ത ഇല്ലാ വാരിഥിൻ.”

**അനന്തരാവകാശികൾക്കുവേണ്ടി വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

## • ഹദീഥുന്നബ്‌വിﷺ •

“ലാ തഉദ് ഫീ സ്വദഖത്തിക്ക.”

**നല്കിയ ധനം തിരിച്ചു വാങ്ങരുത്.**

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

തിയോടെ വർത്തിക്കുന്നവരാവാൻ ദുആ ചെയ്യുക. പുതുതായി വന്നവർ തങ്ങൾ നീതി നടപ്പാക്കുമെന്നൊക്കെ പറയുന്നുണ്ട്. എന്നാൽ, ശക്തി ലഭിക്കുമ്പോൾ പറയുന്നതൊന്നും പ്രവർത്തിക്കുന്നത് മറ്റൊന്നുമായിട്ടാണ് പൊതുവിൽ കാണപ്പെടുന്നത്. അല്ലാഹു ഈ പ്രദേശങ്ങളിലുള്ള അഹ്മദികൾക്ക് സംരക്ഷണം നൽകുമാറാകട്ടെ. പൊതുജനങ്ങൾ പ്രത്യക്ഷത്തിൽ അക്രമങ്ങൾ അവസാനിച്ചതിൽ സന്തോഷം പ്രകടിപ്പിക്കുന്നു എന്നാണ് നിരൂപകർ പറയുന്നത്. എന്നാൽ, ഭാവിയിലെന്താണെന്നതിനെ സംബന്ധിച്ച് ഒന്നുമറിയില്ല. അതുപോലെ അനാവശ്യമായി ഇസ്രായേലും ഈ പ്രദേശങ്ങളിൽ ആക്രമണം നടത്തുന്നുണ്ട്. പ്രത്യക്ഷത്തിൽ ഇസ്‌ലാമിക ലോകത്തിനെതിരിൽ ഇവരുടെ ഉദ്ദേശ്യങ്ങൾ ഭയാനകമാണെന്ന് തോന്നുന്നു. ഈ നിലയ്ക്ക് ഒരു രാഷ്ട്രവും സുരക്ഷിതമല്ല. പാക്കിസ്താനു വേണ്ടിയും ഈ നിലയ്ക്ക് ദുആ ചെയ്തുകൊണ്ടിരിക്കുക. ഇറാനുവേണ്ടിയും മറ്റു രാഷ്ട്രങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു മുസ്‌ലിമീങ്ങൾക്ക് ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ. ചേരിതിരിവും ഭരണത്തോടുള്ള അത്യാർത്തിയും അവരിൽനിന്ന് ഇല്ലാതായി പോകുമാറാകട്ടെ. അവർ ഒന്നിച്ച് ചേരുമാറാകട്ടെ. മുസ്‌ലിമീങ്ങളിൽനിന്ന് ഈ ഒരു നിലപാടു തന്നെയാണ് തുടരുന്നതെങ്കിൽ പിന്നെ ഇത്തരം അക്രമികളെ അല്ലാഹു എങ്ങനെ സഹായിക്കാനാണ്. അവർ തങ്ങളുടെ സ്വന്തം ആളുകളെത്തന്നെ കൊല്ലുകയാണ്. ഏതായാലും ഒരുപാട് ദുആകൾ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു എല്ലാ അഹ്മദികളെയും ഈ ദ്രോഹങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ.അഹ്മദികൾ ഈ മുസ്‌ലിമീങ്ങളുടെ കൈകളിൽനിന്നോ നാമമാത്രമായ മുസ്‌ലിമീങ്ങളിൽ നിന്നോ മുസ്‌ലിമീങ്ങൾക്കെതിരിലുള്ള അന്യരിൽനിന്നോ സുരക്ഷിതരല്ല. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. നമ്മളെ എപ്പോഴും അവന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ.

അതുപോലെ ലോകത്ത് പ്രളയവും വളരെയേറെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസം മയോട്ടിൽ പ്രളയമുണ്ടായി. അവിടെ അഹ്മദികളുമുണ്ടെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുരക്ഷിതരാണ്. ജമാഅത്തും അവിടെ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. അവിടെ സർക്കാർ അതിനെ ശ്ലാഘിക്കുകയും ചെയ്തിട്ടുണ്ട്. അവിടെ ഭക്ഷണം തോന്നുന്ന വിലയ്ക്കാണ് വിൽക്കുന്നത്. പട്ടിണിപ്പാവങ്ങൾക്ക് ഭക്ഷണം ലഭിക്കുന്നില്ല. അവിടെ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സേവനം ചെയ്യുകയും ഭക്ഷണം നൽകുകയും ചെയ്യുന്നു. ഏതായാലും അല്ലാഹു ഈ ദ്വീപുകളെ ആകാശീയ വിപത്തുകളിൽനിന്ന് സുരക്ഷിതരാക്കുന്നതിനുവേണ്ടി ദുആ ചെയ്യുക.

ഇനി ഞാൻ നമസ്കാരത്തിനു ശേഷം ചില ആളുകളുടെ ജനാസ നമസ്കരിപ്പിക്കുന്നതാണ്. ഇതിൽ ആദ്യത്തേത് അമീർ ഹസൻ മർധാനീ സാഹിബ് ശഹീദിന്റേതാണ്. ഇദ്ദേഹം മിർപുർ ഖാസ് ജില്ലയിലെ നുസ്റത്താബാദിലുള്ള ദുർ മുഹമ്മദ് സാഹിബിന്റെ മകനാണ്. കഴിഞ്ഞ ദിവസം അദ്ദേഹം ശഹീദാക്കപ്പെട്ടു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* മസ്ജിദിൽനിന്ന് വീട്ടിൽ പോകുകയായിരുന്നു. ആ സമയത്ത് വെടിവെച്ച് അദ്ദേഹത്തെ ശഹീദാക്കി. അദ്ദേഹം മൂസിയായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ മാതാവും ഭാര്യയും രണ്ട് ആൺമക്കളും മൂന്ന് പെൺമക്കളും സഹോദരീ സഹോദരന്മാരുമുണ്ട്. വിശദീകരണമനുസരിച്ച് അമീർ ഹസൻ സാഹിബ് ഡിസംബർ 13-ന് തഹജ്ജുദ് നമസ്കാരത്തിനും ജമാഅത്തായ ഫജ്ർ നമസ്കാരത്തിനുംശേഷം തന്റെ വീട്ടിൽ തിരിച്ചു പോകുകയായിരുന്നു. പന്ത്രണ്ട് വയസുള്ള മകൻ അസീസ് തയ്മൂറും കൂടെ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ വീടിനും മസ്ജിദിനുമിടയിൽ ഒരു റോഡുണ്ട്. അദ്ദേഹം റോഡ് മുറിച്ചു കടന്നതേ ഉണ്ടായിരുന്നുള്ളൂ. രണ്ട് അജ്ഞാതരായ ബൈക്ക് യാത്രികർ നേരത്തെ അവിടെയുണ്ടായിരുന്നു. മുഖം മറച്ചിരിക്കുകയായിരുന്നു. അവർ അടുത്തെത്തി പേര് ചോദിച്ചു. അങ്ങനെ തിരിച്ചറിഞ്ഞപ്പോൾ വെടിയുതിർക്കുകയായിരുന്നു. ശഹീദിന് അഞ്ച് വെടിയുണ്ടകളേറ്റു. അതുകാരണം തൽക്ഷണം ശഹീദാവുകയും ചെയ്തു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അതിനുശേഷം അക്രമികൾ അവിടെ നിന്ന് ഓടി രക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ മകൻ അസീസ് തയ്മൂറിനെ അല്ലാഹു അത്ഭുതകരമായി സംരക്ഷിച്ചു. മകൻ വളരെ ധൈര്യം പ്രകടിപ്പിച്ച് ജമാഅത്തിലെ അംഗങ്ങൾക്ക് സംഭവത്തെക്കുറിച്ച് അറിയിപ്പു നൽകി.

ഇദ്ദേഹത്തിന്റെ കുടുംബത്തിൽ പ്രപിതാമഹൻ ധനീ ബഖ്ശ് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. അദ്ദേഹം 1937-ൽ രണ്ടാം ഖിലാഫത്ത് കാലത്താണ് ബയ്അത്ത് ചെയ്തത്. ശഹീദിന്റെ പിതാമഹൻ അഹ്മദിയായിരുന്നില്ല. എന്നാൽ, പിതൃവ്യന്മാർ അടക്കമുള്ള ബാക്കി എല്ലാ കുടുംബക്കാരും അഹ്മദിയ്യത്ത് സ്വീകരിച്ചു. ശഹീദിന്റെ പിതാവ് ദുർ മുഹമ്മദ് സാഹിബ് രണ്ടാം ഖിലാഫത്ത് കാലത്ത് 1964-ലാണ് ബയ്അത്ത് ചെയ്തത്. അന്ന് സയ്യിദ് ദാവൂദ് മുസഫ്ഫർ ശാഹ് സാഹിബ് അവിടെ ഉണ്ടായിരുന്നു. ഇദ്ദേഹം മുഖേന കൃഷി ജോലികൾ ചെയ്യിച്ചിട്ടുണ്ടായിരുന്നു. കുറച്ചുസമയം നുസ്റത്താ ബാദിൽ സെക്യൂരിറ്റി ഗാർഡായും ജോലി ചെയ്തിട്ടുണ്ട് മർഹൂമിന് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദായി സേവനം ചെയ്യാനും അവസരം ലഭിച്ചിട്ടുണ്ട്. ശഹാദത്ത് വേളയിൽ വഖ്ഫെ നൗ സെക്രട്ടറിയായിരുന്നു. ഖിലാഫത്തിനോട് ആത്മാർഥതയും കൂറുമുള്ള വലിയ ബന്ധമുണ്ടായിരുന്നു. അതിഥി സൽക്കാരപ്രിയനും സൗമ്യസ്വഭാവിയുമായിരുന്നു.

അദ്ദേഹത്തിന്റെ മാതാവ് പറയുന്നു, എന്റെ മകന് ശഹാദത്ത് ലഭിച്ചത് ഞങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ബഹുമതിയാകുന്നു. എനിക്ക് ഇനിയും മകനുണ്ടായിരുന്നെങ്കിൽ ഞാൻ അവനെയും ജമാഅത്തിന് വേണ്ടി ത്യജിക്കുമായിരുന്നു. വളരെ സ്ഥൈര്യമുള്ള മാതാവാണ്. പിതാവിന്റെ മരണത്തിനുശേഷം മർഹൂം എപ്പോഴും സഹോദരീ സഹോദരന്മാരുടെ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നു. ആവശ്യങ്ങളുമായി വരുന്ന ആരെയും വെറും കൈയോടെ മടക്കിയിരുന്നില്ല. അയൽപക്കത്ത് അന്ധയായ ഒരു അനഹ്മദി സ്ത്രീ ഉണ്ടായിരുന്നു. അവരുടെ ആടുകളെയും കുട്ടികളെയും ശ്രദ്ധിക്കുകയും കുട്ടികളെ സ്കൂളിൽ കൊണ്ടുപോവുകയും ചെയ്തിരുന്നു. ജമാഅത്തായ നമസ്കാരത്തിൽ ശുഷ്കാന്തി പുലർത്തിയിരുന്നു.

മിർപുർ ഖാസ് ജില്ലാ അമീർ സാഹിബ് എഴുതുന്നു: ജമാഅത്തുപരമായ പരിപാടികളിൽ തന്റെ എല്ലാ ജോലിയും ഒഴിവാക്കി ഡ്യൂട്ടിയിൽ ഹാജരാകുമായിരുന്നു. പറയുന്നു, കഴിഞ്ഞ ഒരു മാസമായി മർഹൂമിൽ വളരെ പ്രകടമായ മാറ്റങ്ങളാണ് കണ്ടിരുന്നത്. ഫജ്റിനു മുമ്പേവന്ന് മസ്ജിദ് തുറക്കുന്നതും നഫ്‌ലുകൾ അനുഷ്ഠിക്കുന്നതും ദിനചര്യയായിട്ടുണ്ടായിരുന്നു. ഒരു പുതിയ അമീർ ഹസൻ ജനിച്ചതു പോലെയാണ് തോന്നിയിരുന്നത്.

ഇദ്ദേഹം ജാമിഅ അധ്യാപകനായ ഖാലിദ് ബലൂച്ച് സാഹിബിന്റെ ബന്ധുവായിരുന്നു. പറയുന്നു, മർഹൂമിന്റെ പ്രത്യേകതകളിൽ ധൈര്യവും മറ്റുള്ളവരെ സഹായിക്കുന്നതും വളരെ പ്രകടമായിരുന്നു. അദ്ദേഹം കാണുമ്പോഴെല്ലാം ആത്മീയ വിഷയങ്ങളാണ് ചർച്ച ചെയ്തിരുന്നത് അല്ലാഹുവും ദാസന്മാരും തമ്മിലുള്ള ബന്ധം എങ്ങനെ നന്നാക്കാമെന്നതിനെ സംബന്ധിച്ച് സംസാരിക്കുമായിരുന്നു.

മറ്റൊരു മുറബ്ബി സാഹിബ് എഴുതുന്നു: ഈ നാട്ടിൽ അനഹ്മദികളുമായി അദ്ദേഹത്തിന് നല്ല ബന്ധങ്ങളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണത്തിൽ വിദൂര സ്ഥലങ്ങളിൽ നിന്നുപോലും ആളുകൾ അനുശോചനം അറിയിക്കാനെത്തിയിരുന്നു. എല്ലാവരും അദ്ദേഹം വളരേയേറെ സ്നേഹമുള്ള ആളായിരുന്നുവെന്നും ആരുടെയും പ്രയാസത്തിൽ കൂടെ നിൽക്കുമായിരുന്നുവെന്നും പറഞ്ഞിരുന്നു. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. പദവികളുയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളെയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ.

അടുത്ത അനുസ്മരണം മലേഷ്യയിലെ മുബല്ലിഗായിരുന്ന മൗലാനാ അബ്ദുസ്സത്താർ റഊഫ് സാഹിബിന്റേതാണ്. ഇദ്ദേഹവും കഴിഞ്ഞ ദിവസം 75-ാം വയസിൽ

• ഹദീഥുന്നബ്‌വി ﷺ •

"സ്വൂമൂ തസ്വിഹ്ഹു'

നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ത്വാലിബെ ദുആ

RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വി ﷺ •

"അൽ അയ്നു ഹഖ്ഖുൻ."

കണ്ണേറ് യാഥാർഥ്യമാണ്.

ത്വാലിബെ ദുആ

P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

വഫാത്തായി. 1973 ജനുവരി 15നാണ് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് ലഭിച്ചത്. 77 ഒക്ടോബറിൽ റബ്വ ജാമിഅ അഹ്മദിയ്യയിൽ ചേർന്നു. മുബശ്ശിർ കോഴ്സ് പൂർത്തിയാക്കി വിവിധ രാജ്യങ്ങളിൽ സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. 85-ൽ മുബല്ലിഗായി ഇന്തൊനേഷ്യയിൽ നിയമിതനായി. പിന്നെ ഫിജിയിലേക്ക് അയച്ചു. അവിടെ കുറച്ചുവർഷമുണ്ടായിരുന്നു. പിന്നെ ഇന്തൊനേഷ്യയിൽ പോവുകയും തുടർന്ന് തബ്‌ലീഗ് ആവശ്യാർഥം മലേഷ്യയിൽ അയക്കുകയും ചെയ്തു. പിന്നെ വിയറ്റ്നാമിൽ നിയോഗിതനായി. അവിടെ ഏതാനും വർഷമുണ്ടായിരുന്നു. പിന്നെ മലേഷ്യയിൽത്തന്നെ സേവനത്തിന് അയച്ചു. വളരെ നല്ല സേവകനായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യയും മൂന്ന് ആൺമക്കളും ഒരു മകളുമുണ്ട്. അദ്ദേഹത്തെ അറിയുന്നവർ എഴുതുന്നു: അദ്ദേഹം ജമാഅത്തിനുവേണ്ടി പൂർണമായും വഖ്ഫ് ആയിരുന്നു. ജമാഅത്തംഗങ്ങൾക്ക് ഖുർബാനിയെക്കുറിച്ചും വഖ്ഫിനെക്കുറിച്ചും പറഞ്ഞു കൊടുത്തു. വളരെയേറെ സ്നേഹിക്കുന്ന ആളും എല്ലാവരുടെയും ന്യൂനതകൾ മറച്ചു വെക്കുന്ന ആളുമായിരുന്നു. അദ്ദേഹത്തിന്റെ തബ്‌ലീഗ് ഫലമായി നിരവധി പേർക്ക് ജമാഅത്തിൽ പ്രവേശിക്കാൻ സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. നബിﷺ തിരുമേനിയോടു അകൈതവമായ സ്നേഹമുണ്ടായിരുന്നു. നബിﷺ തിരുമേനി യെ സംബന്ധിച്ച് പറയുമ്പോഴെല്ലാം അദ്ദേഹത്തിന്റെ കണ്ണുകളിൽ കണ്ണീരൊഴുകുമായിരുന്നു. മറ്റ് രാജ്യങ്ങളിൽപോയി ജോലി ചെയ്യാൻ പറയുമ്പോഴെല്ലാം തന്റെ ഭാര്യാമക്കളെ നാട്ടിൽവിട്ട് ഒരു തരത്തിലുള്ള പരിഭ്രമവും കൂടാതെ പോകുമായിരുന്നു. എപ്പോഴും ജമാഅത്തിനുവേണ്ടി ത്യാഗങ്ങൾക്ക് തയ്യാറായിരുന്നു. അല്ലാഹു മർഹൂമിനോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്ന് കൊണ്ടുപോകാൻ തൗഫീഖ് നൽകുമാറാകട്ടെ.(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി, ടൈപ്പ്സെറ്റിങ്ങ്: താരിഖ് അലനല്ലൂർ) ●

പേജ് 1 ൽ നിന്ന്

സിന്റേയും മാർഗദർശനങ്ങളുടെ വെളിച്ചത്തിൽ ജൽസയുടെ പ്രാധാന്യത്തിലേക്കും അനുഗ്രഹങ്ങളിലേക്കും ശ്രദ്ധക്ഷണിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു:

"ഈ സമ്മേളനത്തെ മറ്റു സമ്മേളനങ്ങളെപ്പോലെ നിങ്ങൾ കരുതരുത്. ഇതിന്റെ അടിസ്ഥാനശില അല്ലാഹുതന്നെ അവന്റെ കൈകൊണ്ടു വെച്ചതത്രെ. അടുത്തുതന്നെ അതിൽ കൂട്ടംകൂട്ടമായി വന്നെത്തുന്നതിന് ജനപദങ്ങളെ അവൻ ഒരുക്കിക്കഴിഞ്ഞിരിക്കുന്നു. എന്തെന്നാൽ ആരുടെ മുമ്പിൽ ഒന്നും അസാധ്യമായിട്ടില്ലയോ ആ സർവശക്തന്റെ പ്രവൃത്തിയത്രെ ഇത്...."*(മജ്മൂഅ ഇശ്തിഹാറാത്ത്, വാല്യം 1, ഇശ്തിഹാർ അഥവാ വിജ്ഞാപനം 1892 ഡിസംബർ 7)*

ഇതിനുശേഷം അദ്ദേഹം ഹുദൂർ അൻവർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിന്റെ മാർഗനിർദേശങ്ങൾ സമർപ്പിച്ചു:

"അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കാനുള്ള ശ്രമമുണ്ടാകുന്നില്ലെങ്കിൽ, തഖ്‌വായിൽ അഭിവൃദ്ധിപ്പെടാനുള്ള ശ്രമമുണ്ടാകുന്നില്ലെങ്കിൽ, സ്വഭാവങ്ങളുടെ ഉന്നതമായ മാതൃകകാണിക്കാനുള്ള ശ്രമമുണ്ടാകുന്നില്ലെങ്കിൽ മനുഷ്യരോടുള്ള കടമനിറവേറ്റുന്നില്ലെങ്കിൽ, ജൽസയിൽ വരുന്നതിന്റെ ഉദ്ദേശ്യംതന്നെ പൂർണമാകുകയില്ല. അതിനൊരു ഫലവുമില്ല." *(ഖുത്ബ ജുമുഅ 2024 ആഗസ്റ്റ് 23)*

യോഗാധ്യക്ഷൻ ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്ؑചെയ്തിട്ടുള്ള ദുആകളും സമർപിച്ചു:ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു:"ഞാൻ ദുആ ചെയ്യുന്നു. ഈ ജൽസയിൽ പങ്കെടുക്കുന്നതിന് യാത്ര ചെയ്യുന്നവരോടൊപ്പം അല്ലാഹു ഉണ്ടായിരിക്കട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നല്കുകയും അവരിൽ കരുണ ചൊരിയുകയും ചെയ്യട്ടെ. അവരുടെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കുകയും അസ്വാസ്ഥ്യങ്ങൾ നീക്കുകയും അവരെ എല്ലാ കഷ്ടപ്പാടുകളിൽനിന്നും മോചിപ്പിക്കുകയും ചെയ്യുമാറാകട്ടെ. അവരുടെ സദുദ്ദേശ്യങ്ങളെല്ലാം പൂർത്തിയാക്കപ്പെടുമാറാകട്ടെ. ഉയിർത്തെഴുന്നേല്പ്പുനാളിൽ അവർ ദൈവത്തിന്റെ അനുഗൃഹീത ദാസരോടൊപ്പം എഴുന്നേല്പ്പിക്കപ്പെടുകയും അവരുടെ യാത്രാന്ത്യത്തോടെ അവർക്കുശേഷം അവരുടെ പ്രതിനിധികളുണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ. മഹത്ത്വമുടയവനും മഹാഔദാര്യവാനും കരുണാമയനും പ്രയാസങ്ങൾ അകറ്റുന്നവനുമായ അല്ലാഹുവേ! ഈ എല്ലാ ദുആകളും നീ സ്വീകരിച്ചരുളിയാലും. ഞങ്ങൾക്ക് ഞങ്ങളുടെ എതിരാളികളുടെമേൽ വ്യക്തമായ അടയാളങ്ങൾകൊണ്ട് നീ വിജയം നല്കിയാലും. ആമീൻ ഥുമ്മ ആമീൻ."*(1892 ഡിസംബർ 7)*

മൗലവി സാഹിബ് ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ഈ നിർദേശവും കേൾപ്പിച്ചു:"ഈ ഉദ്ദേശ്യം മനസ്സിലാക്കുന്നവർക്കുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദിന്റെؑദുആകൾ സ്വീകരിക്കപ്പെടുന്നത്. ഈ ഉദ്ദേശ്യത്തെ മനസ്സിലാക്കുന്നവരോടാണ് ഹദ്റത്ത് മസീഹ് മൗഊദ്ؑജൽസയുടെ പ്രതിഫലമുണ്ടെന്ന് പറഞ്ഞിട്ടുള്ളത്."*(ഖുത്ബ ജുമുഅ 2024 ആഗസ്റ്റ് 23)*

യോഗാധ്യക്ഷന്റെ ഉദ്ഘാടന പ്രസംഗത്തിനും ദുആയ്ക്കുംശേഷം നാഇബ് നാളിർ ഉമൂറെ ആമ നസ്റുൻമ്മിനല്ലാഹ് സാഹിബ് "മേരെ മൗലാ മേരീ യെ ഏക് ദുആ ഹെ" എന്ന സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ പദ്യത്തിൽനിന്നുള്ള കുറച്ചു വചനങ്ങൾ മനോഹരമായി ആലപിച്ചു.

ഈ യോഗത്തിലെ ആദ്യത്തെ പ്രസംഗം നാളിർ ദഅ്‌വത്തെ ഇലല്ലാഹ് ശിമാലി ഹിന്ദ് മൗലാനാ മുഹമ്മദു ഹമീദ് സാഹിബ് കൗഥറിന്റേതായിരുന്നു. "ദൈവാസ്തിക്യം; ദുആ കേൾക്കുന്നവൻ"എന്നവിശേഷഗുണത്തിന്റെ വെളിച്ചത്തിൽ എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗവിഷയം. പ്രസംഗകൻ വിശുദ്ധ ഖുർആനിലെ ആയത്തുകളുടെ വെളിച്ചത്തിൽ പറഞ്ഞു: "അല്ലാഹു പറഞ്ഞു:'എന്നെ വിളിക്കുക, ഞാൻ നിങ്ങളുടെ വിളിക്കുത്തരം നല്കുന്നതാണ്.' ആധുനിക യുഗത്തിലെ ഇപ്പോഴത്തെ തലമുറ മതത്തിൽനിന്നും അല്ലാഹുവിൽനിന്നും ദൂരത്ത് പൊയ്ക്കൊണ്ടിരിക്കുന്നതിന്റെ കാരണം അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനവും അവനെ തിരിച്ചറിയുന്ന രീതിയും അവരുടെ മതനേതാക്കന്മാർ അവർക്ക് പറഞ്ഞുകൊടുക്കുന്നത് പ്രയോജനം ചെയ്യാത്തതുകൊണ്ടാണ്. അത് ഒരു ഉദാഹരണം മുഖേന മനസ്സിലാക്കാവുന്നതാണ്. ഏതെങ്കിലും മനുഷ്യൻ തന്റെ ഏതെങ്കിലും ആവശ്യം സാധിക്കുന്നതിനുവേണ്ടി ഏതെങ്കിലും വീടിന്റെ വാതിലിൽ, ആ വീട്ടുകാരൻ തന്നെ സഹായിക്കുമെന്ന ഉദ്ദേശ്യത്തോടെ മുട്ടിവിളിക്കുന്നു. എന്നാൽ, ആവർത്തിച്ചാവർത്തിച്ച് മുട്ടി വിളിച്ചിട്ടും വാതിൽ തുറക്കുന്നില്ല. അപ്പോൾ വീട്ടിനുള്ളിലാരുമില്ലെന്ന് അയാൾ കരുതുന്നതായിരിക്കും. ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും മറുപടി നല്കുമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ദൈവത്തെ വിളിച്ചിട്ടും ഉത്തരം ലഭിക്കാതെ വരുമ്പോൾ അങ്ങനെ ഒരു അസ്തിത്വമില്ലെന്ന് അവൻ മനസ്സിലാക്കുന്നതാണ്. ഇതിന്നെതിരിൽ ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു:"അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. ചോദിക്കുന്നവന് നൽകപ്പെടുന്നു. മുട്ടിവിളിക്കുന്നവന് തുറക്കപ്പെടുന്നു."*(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 429)*

അല്ലാഹുവിന്റെ വിശേഷഗുണമായ 'കേൾക്കുന്നവൻ' എന്നതിന്റെ വെളിച്ചത്തിൽ നബിﷺതിരുമേനിയുടെ ദുആ സ്വീകാരത്തിന്റെ സംഭവങ്ങൾ അദ്ദേഹം വിവരിച്ചു. അവയിൽ ഒരു ഈമാൻ ദൃഢീകരിക്കുന്ന സംഭവം ഹദ്റത്ത് ഉമർؓന്റെ ഇസ്‌ലാംമത സ്വീകരണമാണ്. പിന്നീട് അദ്ദേഹം ഹുദൂർ അൻവർ അയ്ദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിന്റെ ദുആയുടെ ഫലമായി ശക്തമായൊരു സുനാമി ദിശമാറിപ്പോയതും അതുപോലെ മറ്റു സംഭവങ്ങളും വിവരിച്ചു. സുനാമിയുണ്ടായപ്പോൾ ഹുദൂർ ഫിജിയിലായിരുന്നു. അതിശക്തമായ സുനാമി ഫിജിയുടെ തീരം തൊടാൻ പോകുന്നുവെന്ന് അറി

• ഹദീഥുന്നബ്‌വിﷺ •

"അന്നദമു തൗബത്തുൻ."
ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വിﷺ •

"ലാ തതമന്നഉൽമൗത്ത."
മരണം ആഗ്രഹിക്കരുത്.

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

യിപ്പു വന്നു. പ്രസംഗകൻ ദുആ സ്വീകാരത്തിന്റെ വിവിധ സംഭവങ്ങൾ വിവരിച്ചു. അതെല്ലാം അല്ലാഹു ദുആ സ്വീകരിക്കുന്നവനാണെന്നതിന്റെ തെളിവു ലഭിക്കുന്നതായിരുന്നു.

ഈ യോഗത്തിലെ രണ്ടാമത്തെ പ്രസംഗം ജാമിഅ അഹ്മദിയ്യ ഖാദിയാൻ പ്രിൻസിപ്പാൾ മൗലാനാ അത്വാവുൽ മുജീബ് ലോൺ സാഹിബിന്റേതായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗവിഷയം "ഇസ്‌ലാമിക മര്യാദകളും സൽസ്വഭാവങ്ങളും" എന്നതായിരുന്നു. ഇതിൽ തിന്നുക, കുടിക്കുക, ശുചിത്വപാലനം, വഴികളോടുള്ള കടമകൾ, ദൃഷ്ടി താഴ്ത്തിവെക്കി നടക്കുക, മജ്‌ലിസുകളുടെ മര്യാദകൾ, മസ്ജിദുകളിൽ പാലിക്കേണ്ട മര്യാദകൾ തുടങ്ങിയവയെല്ലാം അദ്ദേഹം വിവരിച്ചു. അദ്ദേഹം പറഞ്ഞു: ആത്മീയതയുടെ സകല അടിത്തറയും മര്യാദകൾ പാലിക്കുന്നതിലാണ്. ആത്മീയത അഭിവൃദ്ധിപ്പെടുത്തുന്നതിന് ഇസ്‌ലാം സമർപ്പിച്ചിട്ടുള്ള മര്യാദകളെ ശ്രദ്ധിക്കേണ്ടത് നമുക്ക് നിർബന്ധമാണ്. ഈ താക്കോൽ മുഖേനയാണ് നമുക്ക് സമ്പൂർണ സൽസ്വഭാവത്തിൽ നടക്കാൻ കഴിയുന്നത്. പിന്നീട് പതുക്കെപ്പതുക്കെ ആത്മീയതയുടെ അത്യുന്നതമായ ഘട്ടങ്ങളിലും എത്താൻ കഴിയുന്നതാണ്.

നബിﷺതിരുമേനി ഏതുകാലഘട്ടത്തിലാണോ ലോകത്ത് നിയോഗിതനായത് അക്കാലത്തെ മനുഷ്യരുടെ അവസ്ഥ എന്തായിരുന്നു. അത് അല്ലാഹു **ളഹറൽഫസാദു ഫിൽബർറി വൽ ബഹ്ർ** എന്നു പറഞ്ഞുകൊണ്ട് പ്രകടിപ്പിച്ചിരിക്കുന്നു. അതായത് മാനുഷികമായ മര്യാദകളുടെ അടിസ്ഥാനത്തിലും ധാർമികപരവും ആത്മീയപരവുമായ അടിസ്ഥാനത്തിലും സകലവിധത്തിലും മനുഷ്യന്റെ അവസ്ഥ അങ്ങേയറ്റം അധഃപതിച്ചിരുന്നു. കുഴപ്പംതന്നെ കുഴപ്പമായിരുന്നു. മനുഷ്യന്റെ അവസ്ഥ ശവമെന്നപോലെയായിരുന്നു. അത്തരം കാലത്ത് നബിﷺതിരുമേനിയുടെ നിയോഗോദ്ദേശ്യം വിവരിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു: **ഇഅ്‌ലമൂ അന്നല്ലാഹ യുഹ്‌യിൽ അർള ബഅ്ദ മൗത്തിഹാ**(5:18). അറിയുക അല്ലാഹു ഭൂമിയെ അതിന്റെ മരണത്തിനുശേഷം ജീവിപ്പിക്കുന്നു.

പിന്നീട് ആ അവസ്ഥയിൽ നിന്നെടുത്ത് നബിﷺതിരുമേനി ഏതുവരെ എത്തിച്ചുവെന്നാൽ അവരെ അതിൽ മാനുഷികമായ മര്യാദകൾ പഠിപ്പിച്ചുവെന്ന് മാത്രമല്ല പ്രത്യുത അവർ ധാർമിക ഗുണങ്ങളുടേയും ഉന്നതമായ നില കരസ്ഥമാക്കി. പിന്നീട് ആത്മീയതയുടേയും ഉന്നതസ്ഥാനം പ്രാപിച്ചു. ഏതുവരെയെന്നാൽ, അല്ലാഹു അവർക്ക് **റളിയല്ലാഹു അൻഹും വറളൂ അൻഹു** എന്നതിന്റെ മഹത്തായ സർട്ടിഫിക്കേറ്റും പ്രദാനം ചെയ്തു. അതായത് അല്ലാഹു അവരിൽ സംപ്രീതനായി. അവർ അല്ലാഹുവിലും സംപ്രീതരായി.

പ്രസംഗകൻ പറഞ്ഞു:വിശുദ്ധ ഖുർആനിലെ വചനങ്ങളുടേയും നബിതിരുമേനിയുടെ ഹദീഥുകളുടേയും വെളിച്ചത്തിൽ തിന്നുന്നതിന്റേയും കുടിക്കുന്നതിന്റേയും മര്യാദകൾ, ശുചിത്വപാലനപരമായ മര്യാദകൾ, വഴികളോടുള്ള കടമകളും മര്യാദകളും ഉദാഹരണത്തിന് ദൃഷ്ടി താഴ്ത്തിവെക്കി നടക്കുക, സലാം കേട്ടാൽ മറുപടി നല്കുക തുടങ്ങിയവ, മസ്ജിദുകളിൽ പാലിക്കേണ്ട മര്യാദകൾ, സദസ്സുകളിൽ പാലിക്കേണ്ട മര്യാദകൾ, തുടങ്ങിയ കാര്യങ്ങളിൽ അദ്ദേഹം വെളിച്ചം വീശി. അവസാനം പറഞ്ഞു: ഈ യാഥാർഥ്യവും നമുക്ക് മനസ്സിലാക്കേണ്ടിവരും. ഈ മര്യാദകൾത്തന്നെയാണ് യഥാർഥത്തിൽ ഒരു സത്യവിശ്വാസിയുടെ യഥാർഥ ആഭരണവും അവൻ യഥാർഥത്തിൽ തിരിച്ചറിയപ്പെടുന്ന അടയാളവും. ഒരു മുഅ്മിന്റെ ഉള്ളിൽ ഈമാൻ ഉണ്ടായിരിക്കുകയും എന്നാൽ, അവൻ മര്യാദ പാലിച്ചുകൊണ്ടുള്ള ജീവിതത്തിൽനിന്ന് വിമുഖനാകുകയും ചെയ്യുക എന്നത് അസംഭാവ്യമാണ്. ഈ മര്യാദകൾ പാലിച്ചുകൊണ്ടുള്ള ജീവിതംതന്നെയാണ് യഥാർഥവും സത്യസന്ധവുമായ സ്വഭാവങ്ങൾ കസ്ഥമാക്കാനുള്ള മാർഗം. പിന്നീട് ഉൽകൃഷ്ട സ്വഭാവങ്ങളിൽ വിഭൂഷിതനായതിനുശേഷമാണ് ഒരു മനുഷ്യന് ഈമാൻ അഥവാവിശ്വാസത്തിന്റേയും തഖ്‌വാ അഥവാ ഭക്തിയുടേയും ഉന്നതമായനില കരസ്ഥമാക്കാൻ സാധിക്കുക.

അതിനാൽ അന്യസമുദായങ്ങളുമായുള്ള മത്സരത്തിൽ നമ്മൾ ജീവിതത്തിൽ പാലിക്കേണ്ട ഈ മര്യാദകളിൽനിന്ന് കൈ കഴുകിയിരിക്കരുതെന്നതാണ് അവശ്യം വേണ്ടത്. അതിന്റെ ഫലം സൽസ്വഭാവങ്ങളിൽനിന്നും ഈമാനിൽനിന്നും അന്ധരായിത്തീരുക എന്നതായിരിക്കും. അതിനാൽ നമ്മൾ ചെയ്യേണ്ടത് നമ്മുടെ ഭാവിതലമുറയും ഈ മര്യാദകളിൽനിന്നും സൽസ്വഭാവങ്ങളിൽനിന്നും വർണാന്ധരായിത്തീരുന്നതിന് ഇവ സ്വായത്തമാക്കുന്നതോടൊപ്പം വരുംതലമുറയേയും ഈ മര്യാദകളെക്കുറിച്ച് ബോധവാന്മാരാക്കുക എന്നതാണ്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

**ആദ്യദിവസത്തെ രണ്ടാമത്തെ യോഗം:**

ഖാദിയാൻ ജൽസസാലാനയുടെ ആദ്യദിവസത്തെ രണ്ടാമത്തെ സമ്മേളനം 2.30-ന് ആരംഭിച്ചു. ഈ സമ്മേളനം നാളിർ ദഅ്‌വത്തെ ഇലല്ലാഹ് മർക്കസിയ്യ ശിമാലി ഹിന്ദും താരീഖെ അഹ്മദിയ്യ ജമാഅത്ത് ഇൻചാർജ്ജ് ഭാരതുമായ മൗലാനാ മുഹമ്മദ് ഹമീദ് കൗഥർ സാഹിബിന്റെ അധ്യക്ഷതയിലാണ് ചേർന്നത്. അസീസം മുഹമ്മദ് ഇബ്‌റാഹീം മുത്തഅല്ലിം ജാമിഅ അഹ്മദിയ്യ ഖാദിയാന്റെ ഖുർആൻ പാരായണത്തോടെ പരിപാടികൾക്ക് തുടക്കം കുറിച്ചു. ആലു ഇംറാൻ എന്ന അധ്യായത്തിലെ 160 മുതൽ 164 വരെയുള്ള വചനങ്ങളാണ് പാരായണം ചെയ്തത്. സ്വദ്ർ ഉമൂമി ഖാദിയാൻ മൗലവി നൂറുദ്ദീൻ നാസിർ സാഹിബ് അതിന്റെ തർജമ കേൾപ്പിച്ചു.

ജമാഅത്തിന്റെ മുറബ്ബിയും നളാമത്തെ ജാഇദാദ് ഉദ്യോഗസ്ഥനുമായ സയീദ് അഹ്മദ് മൽക്കാന സാഹിബും ഖാദിയാനിലെ അസീസ് ദബീർ അഹ്മദ് ശമീം സാഹിബും ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്<sup>(റഹ്)</sup>രചിച്ച 'ഏ ശാഹെ മക്കീ വ മദനീ സയ്യിദുൽവറാ' എന്ന പദ്യത്തിലെ ചില വരികൾ മനോഹരമായ ഈണത്തിൽ ആലപിച്ചു.

യോഗത്തിലെ ആദ്യ പ്രസംഗം നാളിർ അഅ്‌ലാ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ മൗലാനാ മുഹമ്മദു ഇനാം ഗോറി സാഹിബിന്റേതായിരുന്നു. 'യുദ്ധാവസരങ്ങളിൽ നബിﷺതിരുമേനിയുടെ സൽപെരുമാറ്റം' എന്ന വിഷയത്തെ അധികരിച്ചാണ് അദ്ദേഹം പ്രസംഗിച്ചത്.

അദ്ദേഹം പറഞ്ഞു:നബിﷺതിരുമേനി സാധ്യതാപരമായ എല്ലാ ഘട്ടംവരേയും യുദ്ധങ്ങളിൽനിന്നും പോരാട്ടങ്ങളിൽനിന്നും ഒഴിഞ്ഞു നിൽക്കുകയും സമാധാനത്തിന്റെ വഴി സ്വീകരിക്കുകയും ചെയ്യുമായിരുന്നു. നബിﷺതിരുമേനിയുടെ ഉൽകൃഷ്ട സ്വഭാവങ്ങളുടെ പ്രകടനം മഹത്തായ നിലയിൽ യുദ്ധങ്ങളിൽ കാണാൻ കഴിയുന്നുണ്ട്. ആ മഹാത്മാവ് ബദ്ർ യുദ്ധം, ഉഹുദ് യുദ്ധം, ഖൻദഖ് യുദ്ധം തുടങ്ങിയവയുടെ വിവിധ സംഭവങ്ങൾ വിവരിച്ചുകൊണ്ട് ആ യുദ്ധങ്ങളിൽ പ്രകടമായ നബിﷺതിരുമേനിയുടെ ഉന്നതമായ ധാർമികഗുണങ്ങളെ കുറിച്ച് വിശദീകരിച്ചു. ഇതിൽനിന്ന് വ്യക്തമാകുന്നത് നബിﷺതിരുമേനി തന്റെ ജമാഅത്തിനെ യുദ്ധത്തിന്റെ മര്യാദകൾ തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട അടിസ്ഥാനപരവും സ്ഥായിയുമായ നിർദേശങ്ങൾ നൽകിയിരുന്നുവെന്നാണ്. അവിടന്നുതന്നെയും ഈ സന്ദിഗ്ദാവസ്ഥയിലും തന്റെ മഹത്തായ മാതൃക കാണിച്ചുകൊണ്ടിരുന്നു.

അവസാനം അദ്ദേഹം മക്കവിജയത്തിന്റെ സംഭവങ്ങൾ ഹൃദയസ്പൃക്കായ നിലയിൽ വിവരിച്ചു. ആ അവസരത്തിൽ നബിﷺതിരുമേനിയുടെ അതുല്യവും അനുപമവുമായ സ്വഭാവത്തിന്റെ പ്രകടനവും അതിന്റെ വിശദീകരണങ്ങളും അവതരിപ്പിച്ചു. യുദ്ധങ്ങളുടെ അസാധാരണമായ അവസ്ഥകളിൽ നബിﷺതിരുമേനിയുടെ ആരാധനകളുടെ അവസ്ഥ വിവരിച്ചിട്ടില്ലെങ്കിൽ അവിടത്തെ ഉൽകൃഷ്ട സ്വഭാവത്തിന്റെ സ്മരണ അപൂർണമായിരിക്കും. അദ്ദേഹം പറഞ്ഞു:യുദ്ധങ്ങൾക്കിടയിൽ ഭയത്തിന്റേയും അപകടത്തിന്റേയും അവസ്ഥയിലും നബിﷺതിരുമേനി ജമാഅത്തായിട്ടുള്ള നമസ്കാരം ഉപേക്ഷിച്ചില്ല. അദ്ദേഹം വിഷയത്തിന്റെ പരസ്പരബന്ധമനുസരിച്ച് അവസാനം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ഒരു ഉദ്ധരണി കേൾപ്പിച്ചു:

"നബിﷺതിരുമേനിക്ക് വ്യക്തിപരമായ ശത്രുത ആരോടുമുണ്ടായിരുന്നില്ല. അതായത് ആ ധന്യാത്മാവിന്റെ മനസ്സിൽ അന്യാരാധകരോടു വ്യക്തിപരമായ ശത്രുതാവികാരമുണ്ടായിരുന്നില്ല. പ്രത്യുത അല്ലാഹുവിന്റെ ദീനിനെ വിപാടനം ചെയ്യാൻ ഇറങ്ങിപ്പുറപ്പെട്ടവർക്കെതിരെയായിരുന്നു യുദ്ധം. പിന്നീട് ആ മഹാത്മാവ് യുദ്ധത്തിന്റെ നിയമങ്ങളും ചട്ടങ്ങളും നിശ്ചയിച്ചു. ഉടമ്പടികൾ അംഗീകരിക്കുകയും അതനുസരിച്ച് അങ്ങേയറ്റംവരെ പ്രവർത്തിക്കുകയും ചെയ്തു. നമ്മൾ ഇന്നുകാണുന്ന ലോകത്തെ പോലെ അല്ലായിരുന്നു അന്ന്. അതായത് നിയമങ്ങളും ചട്ടങ്ങളും അതിരില്ലാതെ ഉണ്ടാക്കുകയും അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നതുപോലെ! പ്രത്യുത രണ്ടും സ്വീകരിക്കുന്ന നിലപാടായിരുന്നു."*(ഖുത്ബ ജുമുഅ 2023 ഡിസംബർ 1)*

ഈ യോഗത്തിലെ രണ്ടാമത്തെ പ്രസംഗം നാഇബ് നാളിർ നശ്റോ-ഇശാഅത്ത് മൗലവി തൻവീർ അഹ്മദ് സാഹിബിന്റേതായിരുന്നു. ഹദ്റത്ത് ഹംസത്തുംؓ, ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബുംؓഎന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷയം.

പ്രസംഗകൻ തന്റെ പ്രസംഗത്തിന്റെ ആദ്യഭാഗത്ത് ഹദ്റത്ത് ഹംസത്ത്ؓന്റെ ചരിത്രം ഹ്രസ്വമായി വിവരിച്ചുകൊണ്ട് ആ മഹാത്മാവിന്റെ സ്തുത്യർഹമായ വിശേഷഗുണങ്ങളെ കുറിച്ചും പറഞ്ഞു. അദ്ദേഹത്തിന്റെ ഇസ്‌ലാം മത സ്വീകരണത്തെ കുറിച്ചും ഹിജ്റത്തിന്റെ സംഭവം തുടങ്ങിയവയെ കുറിച്ചും പ്രതിപാദിച്ചു. മദീനയിൽ ഹിജ്റത്ത് ചെയ്ത് വന്നതിനുശേഷം അദ്ദേഹത്തിനുണ്ടായ സാമ്പത്തികമായ ഞെരുക്ക

ത്തെ സംബന്ധിച്ചും കേൾപ്പിച്ചു. പിന്നീട് ഹദ്‌റത്ത് സയ്യിദുശ്ശുഹദാഅ്, അസദുല്ലാഹ്, അസദുർറസൂൽ ഹദ്‌റത്ത് ഹംസത്ത്ﷺപങ്കെടുത്ത യുദ്ധങ്ങളും, ബദ്ർ യുദ്ധം, ബനൂ ഖയ്നഖാഅ് യുദ്ധം, ഉഹുദ് യുദ്ധം തുടങ്ങിയവയിൽ കാണിച്ച അപാരമായ ധീരതയേയും പോരാട്ടത്തേയും കുറിച്ചും പറഞ്ഞു. പിന്നീട് അദ്ദേഹത്തിന്റെ നിരവധി പ്രത്യേകതകളിൽനിന്നും ശ്രേഷ്ഠതകളിൽനിന്നും ഗുണവിശേഷങ്ങളിൽനിന്നും ചിലത് വിശദീകരിക്കുകയും ചെയ്തു.

പ്രസംഗത്തിന്റെ രണ്ടാമത്തെ ഭാഗത്ത് ഹദ്‌റത്ത് മിർസാ ശരീഫ് അഹ്‌മദ് സാഹിബിﷺന്റെ ഹ്രസ്വമായ ചരിത്രം വിവരിച്ചുകൊണ്ട് ആ ധന്യാത്മാവിന്റെ സവിശേഷതകളെക്കുറിച്ച് പറഞ്ഞു. ഇദ്ദേഹം സുവാർത്തയറിയിക്കപ്പെട്ട മക്കളിൽപ്പെട്ടയാളായിരുന്നു. ഇദ്ദേഹത്തെ സംബന്ധിച്ച് അല്ലാഹു ധാരാളം സുവാർത്തകൾ ഹദ്‌റത്ത് മസീഹ് മൗഊദ്ﷺന് നല്കി. അദ്ദേഹത്തിന്റെ ജീവിതത്തിൽ ധാരാളം അപകടകരമായ ഘട്ടങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ, അല്ലാഹു അവൻ നല്കിയ സുവാർത്തയനുസരിച്ച് അദ്ദേഹത്തെ എല്ലാ ഘട്ടങ്ങളിലും സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സവിശേഷതകളും പ്രത്യേകതകളും ഉദ്ധരിച്ചുകൊണ്ട് ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ.ﷺ, ഹദ്‌റത്ത് സാഹിബ്സാദി നവാബ് മുബാറക്ക ബീഗം സാഹിബ, ഹദ്‌റത്ത് സാഹിബ്സാദ മിർസാ മൻസ്വൂർ അഹ്‌മദ് സാഹിബ് തുടങ്ങിയവരുടെ വിവരണങ്ങളും അവതരിപ്പിച്ചു. തുടർന്ന് പറഞ്ഞു: ഹദ്‌റത്ത് സാഹിബ്സാദ മിർസാ ശരീഫ് അഹ്‌മദ് സാഹിബ്ﷺ സ്തുത്യർഹമായ സവിശേഷ ഗുണങ്ങളുടെ ഹൃദയഹാരിയായ മാതൃകയായിരുന്നു. അദ്ദേഹത്തിന്റെ മുഖാകൃതിയും ശബ്ദവും സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്ﷺന്റെ മുഖാകൃതിയോടും ശബ്ദത്തോടും സമാനത പുലർത്തിയിരുന്നു. സംസാര രീതി വളരെ സാധാരണവും മനസ്സിനെ ആകർഷിക്കുന്നതുമായിരുന്നു. വിശുദ്ധ ഖുർആനോടും തിരുനബിﷺയുടെ ഹദീഥുകളോടും അദ്ദേഹത്തിന് വളരെ സ്നേഹമായിരുന്നു. സുബ്ഹി നമസ്കാരത്തിനുശേഷം അനുസ്യൂതം ഉറക്കെ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. സൂറ ഫാതിഹ, സ്വലാത്ത്, യാ ഹയ്യു യാ ഖയ്യൂം ബി റഹ്‌മത്തിക്ക നസ്തഗീസ്, സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം എന്നിവ നിത്യജപങ്ങളായിരുന്നു. യാത്രയിൽ നമസ്കാരം അവ്വൽവഖ്ത്തിൽ അനുഷ്ഠിക്കുമായിരുന്നു. അദ്ദേഹം കശ്ഫ് അഥവാ ജാഗ്രദർശനങ്ങളുണ്ടാകുന്നയാളും ദുആ സ്വീകരിക്കപ്പെടുന്ന വ്യക്തിയുമായിരുന്നു.

അദ്ദേഹം പ്രസംഗത്തിന്റെ അവസാനം ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്ﷺന്റെ ഒരു ഉദ്ധരണി സമർപ്പിച്ചു:"അല്ലാഹുവിന്റെ നബിമാരുടെ സ്വുഹ്ബത്ത് അഥവാ സഹവാസം ലഭിച്ച ഇക്കൂട്ടർ, നബിമാരുടെ സമീപത്തുള്ളവരാണ്. അല്ലാഹുവിന്റെ നബിമാർക്കും ഖലീഫമാർക്കുംശേഷം ലോകത്തിന്റെ സമാധാനത്തിനും ശാന്തിയ്ക്കും കാരണക്കാരായിട്ടുള്ളവർ ഇക്കൂട്ടരാണ്."

യോഗാധ്യക്ഷന്റെ അനുവാദത്തോടെ ആദ്യദിവസത്തെ രണ്ടാമത്തെ യോഗം വളരെ നല്ലരീതിയിൽ സമാപിച്ചു. ഇന്ന് വെള്ളിയാഴ്ച കൃത്യം 6.30-ന് എല്ലാ മസ്ജിദുകളിലും സംഘടിതമായ നിലയിൽ വീടുകളിൽ സ്ത്രീകൾ തുടങ്ങിയവരും ഹുദൂർ അയ്യഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽ അസീസിന്റെ ഖുത്ബ ജുമുഅ തൽസമയം കേട്ടു.

പേജ് 12 ൽ നിന്ന്

മായിരുന്നു. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്ﷺ ഹിജ്റത്ത് ചെയ്ത് ലാഹോറിൽ താമസിക്കുകയായിരുന്നു. മൗലവി സാഹിബ് ലാഹോറിലെത്തിയപ്പോൾ അദ്ദേഹത്തോടു പറഞ്ഞു: "ഖാദിയാനിലേക്കുള്ള അവസാന ട്രക്കാണ് പോകുന്നത്. അതിനുശേഷം ഒരുപക്ഷേ, വേറൊരു ട്രക്കും പോകുന്നതല്ല. അതുകൊണ്ട് നിങ്ങൾ ഖാദിയാനിൽപോവുക." ഖാദിയാനിലെത്തിയപ്പോൾ മൗലവി സാഹിബിന് വിവിധ സ്ഥലങ്ങളിൽ സെക്യൂരിറ്റി ഡ്യൂട്ടി ചെയ്യാനുള്ള അവസരം ലഭിച്ചു. പിന്നെ ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദിന്റെﷺ നിർദേശപ്രകാരം ഇന്ത്യയിൽ തബ്‌ലീഗിന് മുഅല്ലിമീങ്ങളെ അയച്ചപ്പോൾ ഇദ്ദേഹത്തെയും വിട്ടു. യൂ.പിയിലെ ഝാൻസിയിലാണ് പറഞ്ഞയച്ചത്. അവിടെ അദ്ദേഹം നല്ല രീതിയിൽ തബ്‌ലീഗ് ചെയ്തു. ഹിന്ദുക്കളുമായും നല്ല സൗഹൃദത്തിലായിരുന്നു. പറയുന്നു, ഒരിക്കൽ ഒരു ഹിന്ദു ഗുരു രോഗിയായപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യൻ മൗലവി സാഹിബിനോട് മരുന്ന് കൊടുക്കാൻ ആവശ്യപ്പെട്ടു. മൗലവി സാഹിബ് അദ്ദേഹത്തോടു രാവിലെ വരാൻ പറഞ്ഞു. പറയുന്നു: ഞാൻ ദുആ ചെയ്തുകൊണ്ടിരുന്നു. രാത്രി മുസ്‌ലിഹ് മൗഊദിനെﷺ സ്വപ്നം കണ്ടു. അദ്ദേഹം തന്റെ മരുന്നുകളുടെ പെട്ടി തുറന്ന് ഇന്ന മരുന്ന് കൊടുക്കുക എന്ന് എന്നോടു പറഞ്ഞു. മൗലവി സാഹിബ് പറയുന്നു, രാവിലെ ഉണർന്നപ്പോൾ ആ മരുന്നുകുപ്പി എന്റെ കൈയിലുണ്ടായിരുന്നു. പിന്നെ ഞാൻ അതിൽനിന്ന് മൂന്ന് നേരത്തേക്കുള്ള മരുന്ന് ഗുരുജിക്ക് കൊടുത്തുവിട്ടു. അങ്ങനെ അദ്ദേഹം സുഖം പ്രാപിക്കുകയും ചെയ്തു.

ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ അദ്ദേഹത്തിന് സേവനം ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. ഇതിനിടയിൽ അദ്ദേഹം ഹോമിയോ ഡിഗ്രിയും കരസ്ഥമാക്കി. അദ്ദേഹം മുഖേന നിരവധി സൽപ്രകൃതരായ ആളുകൾക്ക് അഹ്‌മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചു. അദ്ദേഹത്തിന്റെ ഒരു മകൻ ഡോക്ടർ മഹ്‌മൂദ് ഭട്ട് സാഹിബും അദ്ദേഹത്തിന്റെ ഭാര്യ, അതായത് ദർവേശ് സാഹിബിന്റെ മരുമകൾ ഡോക്ടർ മഞ്ചുഭട്ടും വഖ്ഫുചെയ്ത് നീണ്ടകാലം ഘാനയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ഖാദിയാനിലെ നൂർ ഹോസ്പിറ്റലിൽ സേവനനിരതരാണ്. അതുപോലെ വേറൊരു മകനും അമേരിക്കയിൽ ഡോക്ടറാണ്. അല്ലാഹു മർഹൂമിന്റെ പദവികളുയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും തലമുറയ്ക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്ന് കൊണ്ടുപോകാൻ തൗഫീഖ് നൽകുമാറാകട്ടെ.

അടുത്ത അനുസ്മരണം ഡോക്ടർ മസ്ഊദ് അഹ്‌മദ് മലിക്ക് സാഹിബിന്റേതാണ്. ഇദ്ദേഹം യു.എസ്.എയിലെ മുൻ നാഇബ് അമീറായിരുന്നു. ഇദ്ദേഹവും കഴിഞ്ഞ ദിവസം എൺപത്തിയാറാമത്തെ വയസിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. ഇദ്ദേഹം ഹദ്‌റത്ത് മസീഹ് മൗഊദ്ﷺന്റെ സ്വഹാബിയായിരുന്ന ഹദ്‌റത്ത് അൽ ഹാജ് മൗലവി മുഹമ്മദ് അബ്ദുല്ലാഹ് സാഹിബിന്റെ പ്രപൗത്രനും മലിക്ക് അബ്ദുർറഹ്‌മാൻ സാഹിബിന്റെ പൗത്രനുമായിരുന്നു. രണ്ടായിരത്തിൽ ഹജ്ജ് നിർവഹിക്കാനും തൗഫീഖ് ലഭിച്ചിട്ടുണ്ട്. ഇദ്ദേഹം പക്കിസ്താനിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം അമേരിക്കയിൽ പോയി. അവിടെ യൂണിവേഴ്സിറ്റി ഓഫ് നെബ്രാസ്കയിൽനിന്ന് അനിമൽ ന്യൂട്രീഷൻ സ്റ്റഡീസിൽ പി.എച്ച്.ഡി എടുക്കുകയും പിന്നെ വിവിധ സ്ഥലങ്ങളിൽ ജോലി നോക്കുകയും ചെയ്തിട്ടുണ്ട്. ജമാഅത്തുപരമായ സേവനങ്ങളിൽ 2013-മുതൽ അമേരിക്കയിലെ നാഇബ് അമീർ എന്ന നിലക്കും 88 മുതൽ 2013-വരെ അമേരിക്കയിലെ ജനറൽ സെക്രട്ടറി എന്ന നിലയ്ക്കും കർമനിരതനാകാൻ തൗഫീഖ് ലഭിച്ചിരുന്നു. അതുകൂടാതെ അദ്ദേഹം താമസിച്ചിരുന്ന സ്ഥലങ്ങളിലെല്ലാം ജമാഅത്തിന്റെ സ്വദ്റുമായിരുന്നു. വാഷിങ്ടണിലും സ്വദ്ർ ജമാഅത്തായിട്ടുണ്ട്. ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ന്റെ Revelation, Rationality, Knowledge & Truth എന്ന ഗ്രന്ഥത്തിന് വിവിധ ശാസ്ത്ര മാസികകളുടെ ഉദ്ധരണികൾ തിരഞ്ഞെടുക്കുന്ന ടീമിനോടൊപ്പം സേവനം ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) അദ്ദേഹത്തിന്റെ സേവനവും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ ജോലി കുറെ കാലം നീണ്ടതായിരുന്നു. അമേരിക്കൻ ജമാഅത്ത് അമീർ സാഹിബെഴുതുന്നു: ഡോക്ടർ സാഹിബ് പതിറ്റാണ്ടുകളോളം അമേരിക്കൻ ജമാഅത്തിൽ വളരെ ആത്മാർഥമായും കൂറോടുകൂടിയും സേവനം ചെയ്തിട്ടുണ്ട്. ഖിലാഫത്തിന്റെ അനുസരണശാലിയും കാലത്തിന്റെ ഖലീഫയുടെ നിർദേശങ്ങൾക്ക് എപ്പോഴും ലബ്ബയ്ക്ക് പറയുന്ന ആളും ജമാഅത്തുപരമായ സംവിധാനത്തെക്കുറിച്ച് അവബോധമുള്ള


• ഹദീഥുന്നബവിﷺ •

"അൽമുസ്‌ലിമു അഖുൽമുസ്‌ലിമി."
ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബവിﷺ •

"അസ്സലാമു ഖബ്‌ലൽകലാമി."
സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ആളും അതിന്റെ പ്രാധാന്യം മനസിലാക്കുന്ന ആളും എപ്പോഴും ജമാഅത്ത് സംവിധാനം പാലിക്കുന്ന ആളുമായിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ ഫരീദ സാഹിബ എഴുതുന്നു: മലിക്ക് സാഹിബ് തന്റെ കൂടുതൽ സമയവും ജമാഅത്തിന്റെ സേവനത്തിൽ ചെലവഴിക്കാനാണ് ശ്രമിച്ചിരുന്നത്. അങ്ങനെ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ പൂർണമായും ജമാഅത്ത് ജനറൽ സെക്രട്ടറിയുടെ ഓഫീസിൽ സേവനം ചെയ്യുന്നതിന് ആഴ്ച്ചയിൽ നാലു ദിവസവും പത്തുമണിക്കൂർ വീതം തന്റെ ഔദ്യോഗിക ജോലി നിർവഹിച്ചിരുന്നു. തന്റെ പത്തുമണിക്കൂർ ജോലിക്കുശേഷം പലപ്പോഴും നേരെ മസ്ജിദിലാണ് പോയിരുന്നത്. രാത്രി ഒരുപാടു വൈകിയും ജോലിയിൽ വ്യാപൃതനായിരുന്നു. പറയുന്നു, ജമാഅത്തിന്റെ ഓഫീസിൽ ജോലി ചെയ്യാൻ പരമാവധി സമയം കിട്ടുന്നതിന് പലപ്പോഴും പ്രഭാതഭക്ഷണം വണ്ടിയിലിരുന്നുതന്നെ കഴിക്കുമായിരുന്നു.

ജമാഅത്തിന്റെ സമ്പത്ത് സംരക്ഷിക്കുന്നതിലും അത് ചെലവഴിക്കുന്നതിലും വളരെ ശ്രദ്ധ പുലർത്തിയിരുന്നു. മാത്രമല്ല തന്റെ സ്നേഹിതന്മാരോടു, അവിടുത്തെ ജോലിക്കാരോടു ഇങ്ങനെ പറയുമായിരുന്നു: 'ജമാഅത്തിൽ സമൃദ്ധി ഉണ്ടായിട്ടുണ്ട്. അത് വേദനയോടുകൂടി ചെലവ് ചെയ്യേണ്ടതാണ്. ചിലയാളുകൾ ഇങ്ങനെയല്ല ചെലവഴിക്കുന്നത്. അനാവശ്യമായി ചെലവഴിക്കുന്നു. പഴയ ആളുകൾക്ക് ഇതിൽ വളരെ വേദനയുണ്ടായിരുന്നു. പലപ്പോഴും അങ്ങനെയല്ല ചെലവഴിക്കപ്പെടുന്നത്. ഇത് സംബന്ധിച്ചും ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ മകൾ പറയുന്നു: മർഹൂം എപ്പോഴും ജമാഅത്തുപരമായ സേവനത്തിൽ മുഴുകി ഇരിക്കുന്നതായാണ് കണ്ടിട്ടുള്ളത്. അദ്ദേഹം തന്റെ മേശപ്പുറത്ത് ഒരു വലിയ സൈൻ ബോർഡ് വെച്ചിരുന്നു. അതിൽ "What have I done today in the service of my jamaat?" എന്ന് എഴുതിവെച്ചിരുന്നു. മർഹൂം ശരിയായ നിലയിൽ എല്ലാ ദിവസവും ജമാഅത്തിന്റെ സേവനത്തിൽ നിരതനായാണ് കഴിച്ചു കൂട്ടിയത്. അദ്ദേഹത്തിന്റെ സഹോദരൻ മലിക് മുബാറക്ക് സാഹിബ് പറയുന്നു: ബയ്ത്തുർ റഹ്മാൻ മസ്ജിദ് നിർമാണവേളയിൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്വങ്ങൾ വളരെയേറെ വർധിച്ചു. ആഴ്ചകളോളം ഒരുപാടുനേരം ജമാഅത്തുപരമായ ജോലികളിൽ മുഴുകിയിരുന്നു.

അദ്ദേഹത്തെ അടുത്തറിയുന്ന നിരവധിയാളുകൾ എഴുതുന്നത് ജമാഅത്തിനുവേണ്ടി അദ്ദേഹത്തിന്റെ മനസ്സിൽ വളരെയേറെ ആദരവും ബഹുമാനവുമുണ്ടായിരുന്നുവെന്നാണ്. തന്റെ മക്കളിലും അദ്ദേഹം ജമാഅത്തിനോടുള്ള സ്നേഹം വളർത്താൻ ശ്രമിച്ചിരുന്നു. ഭക്തിയുടെ മാർഗത്തിൽ ചരിക്കുകയും മക്കളെ അതിനുവേണ്ടി പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. അടുത്തും അകലെയുമുള്ള ബന്ധുക്കളോടു നല്ല രീതിയിൽ ബന്ധുത്ത്വം പുലർത്തിയിരുന്നതും അദ്ദേഹത്തിന്റെ ഉന്നത സ്വഭാവമായിരുന്നു. ആവശ്യക്കാരെ എപ്പോഴും സഹായിച്ചിരുന്നു. രോഗികളെ സന്ദർശിക്കാൻ ഏറ്റവുമാദ്യമെത്തുമായിരുന്നു. വളരെ വിനയാനതനും നല്ല ആതിഥേയനും ജ്ഞാനിയും ആത്മാർഥനും കൂറുള്ളവനുമായ വ്യക്തിയായിരുന്നു. ഓരോ ജോലിയും വളരെ വിശദമായും സസൂക്ഷ്മവും ചെയ്തിരുന്നു. തന്റെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കി അത് നിറവേറ്റിയിരുന്നു. പരമാവധി സമയം മസ്ജിദിൽ ചെലവഴിക്കാനാണ് ശ്രമിച്ചിരുന്നത്.

അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. പദവികളുയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും തലമുറകൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടരുവാൻ തൗഫീഖ് നൽകുമാറാകട്ടെ.

അടുത്ത അനുസ്മരണം ശബീർ അഹ്മദ് ലോധി സാഹിബിന്റേതാണ്. ഇദ്ദേഹം മിയാ മുഹമ്മദ് ശഫീഅ് സാഹിബ് മർഹൂമിന്റെ മകനും നമ്മുടെ ഒരു മുറബ്ബിയായ ഫറഖ് ശബീർ ലോധി സാഹിബിന്റെ പിതാവുമാണ്. ഇദ്ദേഹം കഴിഞ്ഞ ദിവസം അറുപത്തിരണ്ടാമത്തെ വയസിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹത്തിന്റെ കുടുംബത്തിൽ പിതാമഹൻ മിയാ ശിഹാബുദ്ദീൻ സാഹിബ് ഓഫ് ലോധിനങ്കൽ മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. അദ്ദേഹത്തിന് രണ്ടാം ഖിലാഫത്തിന്റെ ആരംഭഘട്ടത്തിൽ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാൻ തൗഫീഖ് ലഭിച്ചു. മർഹൂം മൂസ്വിയായിരുന്നു. ഇദ്ദേഹത്തിന്റെ മൂത്തമകൻ ഫറഖ് ശബീൽ ലോധി ലൈബീരിയയിൽ മുബല്ലിഗാണ്. കഴിഞ്ഞ കുറെ വർഷമായി അവിടെ സേവനം ചെയ്തു വരുകയാണ്. ഫീൽഡിൽ ആയിരുന്നതിനാൽ പിതാവിന്റെ ജനാസയിലും ഖബ്റടക്കത്തിലും പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല. ഫർഖ് ശബീൽ ലോധി മുബല്ലിഗെസിൽസില തന്റെ പിതാവിനെക്കുറിച്ച് എഴുതുന്നു: 'അദ്ദേഹം അല്ലാഹുവിന്റെ അനുഗ്രഹത്താൽ തഹജ്ജുദ് അനുഷ്ഠിക്കുന്നയാളും അഞ്ചുനേര നമസ്കാരത്തിൽ കൃത്യനിഷ്ഠ പാലിച്ചിരുന്നയാളും പരമാവധി ജമാഅത്തായി നമസ്കരിക്കാൻ ശ്രമിച്ചിരുന്നയാളും ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചിരുന്ന ആളുമായിരുന്നു. വിശുദ്ധ ഖുർആൻ പാരായണം, ജമാഅത്തിന്റെ പുസ്തകങ്ങളുടെ വായന, ഖിലാഫത്തിനോടുള്ള അകൈതവമായ സ്നേഹം, കൃത്യമായി ഖുത്ബ്ബകൾ കേൾക്കൽ, ഖിലാഫത്തിന്റെ സകല ആഹ്വാനത്തിനും ലബ്ബയ്ക്ക് പറയൽ, ആരോഗ്യമുള്ളപ്പോൾ നഫ്‌ലീ നോമ്പുകൾ അനുഷ്ഠിക്കൽ, ജമാഅത്തുപരമായ സേവനങ്ങൾക്കെപ്പോഴും സന്നദ്ധനായിരിക്കൽ, വഖ്ഫു ചെയ്ത ആളുകളോടുള്ള പ്രത്യേക സ്നേഹം, ഭാരവാഹികളെ ആദരിക്കൽ, ജമാഅത്തുപരമായ സംവിധാനത്തെ ആദരിക്കൽ, സ്നേഹപൂർവം തർബിയ്യത്ത് ചെയ്യൽ, തെറ്റുകൾ പൊറുത്തുകൊടുക്കൽ, പ്രയാസങ്ങളിൽ ക്ഷമയും സ്ഥൈര്യവും കൈക്കൊള്ളൽ, അല്ലാഹുവിൽ പൂർണമായും ഭരമേൽപ്പിക്കൽ, തന്റെ പ്രയാസങ്ങൾ അല്ലാഹുവിന് മുന്നിൽ കരഞ്ഞു പറയൽ, മറ്റുള്ളവരുടെ പ്രയാസത്തിൽ കഴിവതും സഹായിക്കൽ, മനസ്സിൽ ആരോടും നീരസം വച്ച് പുലർത്താതിരിക്കൽ, ഏതു വിജയത്തിലും അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണെന്ന് മനസിലാക്കൽ, നീതിപൂർവം അഭിപ്രായം പറയൽ, ആതിഥേയൻ, മനസ്സ് തുറന്ന് സാമ്പത്തിക സഹായം ചെയ്യൽ തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു. തന്റെ ജീവനക്കാരോടും നല്ല രീതിയിൽ പെരുമാറിയിരുന്നു. ഇത് മകൻമാത്രം പറയുന്ന കാര്യങ്ങളല്ല. മറ്റാളുകളും അദ്ദേഹത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്. വളരെ നല്ല മനുഷ്യനായിരുന്നു.

ഗുജ്റൻവാലയിൽ ഒരു കാലത്ത് കലിമ മായ്ക്കുന്നതിനുള്ള ആഹ്വാനമുണ്ടായപ്പോൾ നമ്മുടെ മസ്ജിദിൽ നിന്ന് കലിമ അവർ മായ്ച്ചുകൊണ്ടിരുന്നു. അതു വീണ്ടും എഴുതുന്നതിന് ഇദ്ദേഹത്തെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അവർ മായ്ച്ചു പോകുമ്പോഴെല്ലാം ഇദ്ദേഹം ഉടൻതന്നെ അതെഴുതി വെക്കുമായിരുന്നു. അന്ന് അദ്ദേഹം വളരെ ധൈര്യപൂർവം അത് നിർവഹിച്ചു. അദ്ദേഹത്തിന് ആരിൽ നിന്നെങ്കിലും വല്ല പ്രയാസവും നേരിട്ടാൽപോലും പ്രതികരിക്കില്ലായിരുന്നു. പ്രത്യുത ക്ഷമയും സ്ഥൈര്യവും കാണിച്ചിരുന്നു. തന്റെ കാര്യങ്ങളെ അല്ലാഹുവിൽ ഭരമേൽപിച്ചിരുന്നു. ദുആകൾ മുഖേന തന്റെ പ്രയാസങ്ങൾ നേരിടുമായിരുന്നു.

ഇദ്ദേഹം പഠിപ്പിച്ചിരുന്ന സ്കൂളിൽ, സഹപ്രവർത്തകർ അദ്ദേഹത്തോടു ഒരുപാട് എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. മാത്രമല്ല, ഇയാളെ വെടിവെക്കുകയാണെങ്കിൽ ഞങ്ങൾ നിനക്ക് സമ്മാനം നൽകുന്നതാണെന്നുവരെ ഇദ്ദേഹത്തിന്റെ സഹപ്രവർത്തകരിൽ ചിലർ ഒരു കുട്ടിയോട് പറഞ്ഞു. ഏതായാലും അല്ലാഹു അദ്ദേഹത്തെ എപ്പോഴും സംരക്ഷിച്ചുപോന്നു. വളരെ ധൈര്യപൂർവം അവിടെ ജോലി നിർവഹിക്കുകയും ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളുടെ സഹായിയും സംരക്ഷകനുമായിരിക്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ ജനാസ നമസ്കരിപ്പിക്കുന്നതാണ്. *(വിവർത്തനം: എച്ച് ശംസുദ്ദീൻ കാവശ്ശേരി, ടൈപ്പ്സെറ്റിങ്ങ്: താരിഖ് അലനല്ലൂർ)*

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
The Weekly BADR Qadian (Malayalam)

ഹദീസുന്നബവി
'ഇജ്ത്തനിബൂ കുല്ല മുസ്കിരിൻ.'
എല്ലാത്തരം ലഹരി പദാർഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീസുന്നബവി
"അൽമുഹ്തകിറു മൽഊനുൻ."
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 30 January 2025 Issue-05

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

## (ഖുത്ബ ജുമുഅ 2024 ഡിസംബർ 13, ബദ്ർ വാള്യം 10 ലക്കം 4, പേജ് 8 കോളം 4-ൽനിന്ന് തുടർച്ച....)

......അടുത്ത ജനാസഗാഇബ് ഫലസ്തീനിലെ മുഹന്നദ് മുഅയ്യദ് അബൂ അവാദ് ഉസ്സയുടേതാണ്. ഇദ്ദേഹം ഒരു ഡ്രോൺ ആക്രമണത്തിൽ ഇരുപതാമത്തെ വയസിൽ ശഹീദായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. കബാബീർ അമീർ ശരീഫ് ഔദേ സാഹിബ് പറയുന്നു: മുഹന്നദ് മുഅയ്യദ് അബൂ അവാദ് 20 വയസുള്ള ലജ്ജാശീലനും മിതഭാഷിയുമായ കുട്ടിയായിരുന്നു. യുദ്ധാവസ്ഥയായിരുന്നിട്ടു പോലും എപ്പോഴും പ്രസന്നഭാവത്തിലാണ് കഴിഞ്ഞിരുന്നത്. ഇദ്ദേഹം തന്റെ പിതാവിനോടൊപ്പം ഗസ്സയുടെ തെക്കുഭാഗത്ത് ഖാൻയൂനുസ് എന്ന സ്ഥലത്തിന് സമീപം ഹ്യൂമാനിറ്റി ഫസ്റ്റ് ക്യാമ്പിൽ താവളമടിച്ചിരുന്നു. അദ്ദേഹം അവിടെ താമസിക്കുക മാത്രമല്ല ചെയ്തത്. ഹ്യൂമാനിറ്റി ഫസ്റ്റുകാർ പറയുന്നത്, ഞങ്ങളുടെ വളരെ നല്ല വോളണ്ടിയർ ആയിരുന്നു എന്നാണ്. അദ്ദേഹത്തിന്റെ കുടുംബത്തിൽ പിതാവ് മുഅയ്യദ് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. ഇദ്ദേഹം 2009, 2010 കാലങ്ങളിൽ തന്റെ കുടുംബത്തോടൊപ്പം ബയ്അത്ത് ചെയ്തതാണ്. ഞാൻ പറഞ്ഞുവന്നതുപോലെ, മുഹന്നദ് മർഹൂം ഹ്യൂമാനിറ്റി ഫസ്റ്റ് ടീമിൽ വോളണ്ടിയർ എന്ന രീതിയിൽ വളരെ സക്രിയനായിരുന്നു. മുഹന്നദ് തന്റെ കുടുംബത്തിന്റെ പ്രയാസങ്ങളും ആവശ്യങ്ങളും കണ്ടറിഞ്ഞ് അതിനെ ഇല്ലാതാക്കാൻ ശ്രമിച്ചിരുന്നു. ഭക്ഷണത്തിന് ആ പ്രദേശത്ത് ഒന്നുമുണ്ടായിരുന്നില്ല. അതുകൊണ്ട് അവിടെ ഏതെങ്കിലും ഭാഗത്തുനിന്ന് എന്തെങ്കിലും ഭക്ഷണം കിട്ടുകയെന്നത് വലിയ ഒരു അനുഗ്രഹമായിരുന്നു. ഇപ്പോൾ അവിടെ വളരെ മോശം അവസ്ഥയാണ്. ഗസ്സയിൽ പോകുന്നതിന് ഇസ്രായേൽ സർക്കാർ ഉപരോധം ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ സഹായത്തിന് പോകുന്ന ട്രക്കുകൾ അവർ തടയുന്നു. ശഹാദത്തിന് കുറച്ച് ദിവസങ്ങൾക്ക് മുൻമ്പേ മുഹന്നദ് ഗസ്സയുടെ തെക്ക് റഫാ എന്ന സ്ഥലത്ത് ഭക്ഷണം അന്വേഷിച്ചു പോയിട്ടുണ്ടായിരുന്നു. ഈ പ്രദേശത്തൂടെ ഭക്ഷണത്തിനുള്ള സഹായവും മറ്റും നിറച്ച വണ്ടികൾ കടന്നു പോയിരുന്നു. പക്ഷേ, അതിൽ മിക്ക വണ്ടികളും നശിപ്പിക്കുകയോ കൊള്ളയടിക്കുകയോ ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ട് പല യുവാക്കളും അവിടെ നശിപ്പിക്കപ്പെട്ടു കിടക്കുന്ന സാധനങ്ങളിൽനിന്നെങ്കിലും ഭക്ഷണം കിട്ടിയാലോ എന്ന് കരുതി പോയിട്ടുണ്ടായിരുന്നു. പലപ്പോഴും മണ്ണുകലർന്ന ഗോതമ്പ് പൊടി കിട്ടിയിരുന്നു. അതായത് മണ്ണ് കലർന്നിട്ടുള്ള ആട്ടയാണ് കിട്ടിയിരുന്നത്. പക്ഷേ, അതും അവരെ സംബന്ധിച്ചിടത്തോളം ഒരു വലിയ അനുഗ്രഹമായിരുന്നു. മുഹന്നദ് ഒരിക്കൽ അവിടെ പോയപ്പോൾ ഭാഗ്യവശാൽ അവിടെ തന്റെ കുടുംബത്തിനും അയൽക്കാർക്കുമുള്ള കുറച്ച് ആട്ട കിട്ടിയതുംകൊണ്ട് വീട്ടിൽ വന്നു. അതുകൊണ്ട് കുറെ ആളുകൾക്ക് ജീവിച്ചു പോവാമെന്ന് കരുതി. ഉമ്മയും വളരെ സന്തോഷത്തിലായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ പിതാവ് മേലിൽ അവിടെ പോകരുതെന്ന് പറഞ്ഞ് വിലക്കി. കാരണം അവിടെനിന്ന് തിരിച്ചു വരുന്നത് അത്ഭുതത്തിൽ കുറവല്ലായിരുന്നു. നീ ഇപ്പോൾ യുവാവാണ്. ജീവിതത്തിൽ ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. അതുകൊണ്ട് നീ അവിടെ പോകാൻ പാടില്ല. നീ അവിടെ ഏതാനും കിലോ ആട്ടയ്ക്കുവേണ്ടി പോകണ്ട. സ്വന്തം ജീവനെ അപകടത്തിൽ പെടുത്തരുത്. ഏതായാലും ഡിസംബർ മൂന്നിന് വീണ്ടും അദ്ദേഹം തന്റെ രണ്ട് സുഹൃത്തുക്കളോടൊപ്പം ഭക്ഷണം അന്വേഷിച്ച് അവിടെപോയി. അവിടെ ഒരു ഫലസ്തീനി സഹോദരന്റെ മൃതദേഹം കാണാനിടയായി. അവിടെയെത്തിയപ്പോൾ ഏതാനും പട്ടികൾ മൃതദേഹം കടിച്ചു വലിക്കുന്നതാണ് കണ്ടത്. അതിൽ അദ്ദേഹത്തിന് വലിയ വിഷമമുണ്ടാകുകയും യഥാർഥ ലക്ഷ്യം മറന്നു പോവുകയും മൃതദേഹം എടുത്ത് ആംബുലൻസുവരെയും എത്തിക്കുകയും ചെയ്തു. അങ്ങനെ മറവടക്കുന്നതിന് സുരക്ഷിതമായ സ്ഥാനത്തെത്തിക്കാൻ കഴിയുന്നതാണ്. ഇതിനിടയിൽ പരിക്കേറ്റ ഒരു സ്ത്രീയുടെയും മകളുടെയും സഹായത്തിന് വിളിച്ചുകൊണ്ടുള്ള നിലവിളി കേൾക്കാനിടയായി. അവർ മൂന്നുപേരും മൃതദേഹം ആംബുലൻസിൽ വെച്ച് സ്ട്രെച്ചറുമായി പരിക്കേറ്റ ഉമ്മയെയും കുട്ടിയേയും എടുക്കാൻ തിരിച്ചെത്തി. അവർ പരിക്കേറ്റ ഒരാളെ എടുക്കുന്നതിന്നിടയിൽ ഇസ്രായേലീ വിമാനം പെട്ടെന്ന് അവർക്കുമേൽ ഡ്രോൺ ആക്രമണം നടത്തി. മുഹന്നദും അദ്ദേഹത്തിന്റെ കൂട്ടുകാരനും പരിക്കേറ്റ സ്ത്രീയും തൽക്ഷണം ശഹീദായി. മൂന്നാമത്തെ സുഹൃത്ത് രക്ഷപ്പെട്ടു. അദ്ദേഹമാണ് ഈ വേദനാജനകമായ സംഭവം കേൾപ്പിച്ചത്. പറയുന്നു, അദ്ദേഹം വളരെ വിഷമത്തോടുകൂടി മുഹന്നദിന്റെയും കൂടെയുള്ളവരുടെയും മൃതദേഹങ്ങളെടുക്കാൻ പോകുമ്പോൾ അദ്ദേഹവും അവിടെ കൊല്ലപ്പെട്ടു. ഒടുവിൽ ഇന്നലെ, ഒരു ദിവസം മുമ്പേ അദ്ദേഹത്തിന്റെ മൃതദേഹം ലഭിച്ചു.

മുഹന്നദിന്റെ പിതാവ് മുഅയ്യദ് സാഹിബ് ജമാഅത്തിലെ വളരെ ആത്മാർഥതയുള്ള വിനീത സേവകനാകുന്നു. അദ്ദേഹം എപ്പോഴും ജമാഅത്തുപരമായ സേവനം ചെയ്യാനുള്ള അന്വേഷണത്തിലാണ് ഉണ്ടാകാറുള്ളത്. ഹ്യൂമാനിറ്റി ഫസ്റ്റ് ക്യാമ്പിൽ നമസ്കാരത്തിന് സ്ഥലം വൃത്തിയാക്കാൻ അദ്ദേഹം മറ്റാരെയും അനുവദിച്ചിരുന്നില്ല. സ്വയമേവ അത് ചെയ്തിരുന്നു. എപ്പോഴും ആത്മാർഥതയോടെയും വിശ്വസ്തതയോടെയും ജോലികൾ നിർവഹിച്ചിരുന്നു.

ശഹീദിന്റെ പിതാവിനും അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം ഒരുപാട് പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. അദ്ദേഹം വളരെ ധൈര്യശാലിയായിരുന്നു. വിവിധ മസ്ജിദുകളിൽ പോയി മസീഹ് വന്നിരിക്കുന്നു എന്ന് ഉറക്കെ വിളംബരപ്പെടുത്തുമായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് മർദ്ദനം ഏൽക്കേണ്ടിയും വന്നിട്ടുണ്ട്. മാത്രമല്ല, ഹദ്റത്ത് മസീഹ് മൗഊദ്عليه السلامനെ വിശ്വസിച്ച കാരണത്താൽ തദ്ദേശ ഭരണകൂടം അദ്ദേഹത്തെ മുർത്തദ്ദാണെന്ന് വിളിച്ചുകൊണ്ട് ആഴ്ചകളോളം ജയിലിൽ ഇട്ടിരുന്നു. പക്ഷേ, ഈ എല്ലാ പ്രയാസ ഘട്ടങ്ങളിലും അദ്ദേഹം ഉറച്ചുനിന്നു. അദ്ദേഹത്തിന്റെ വിശ്വാസത്തിൽ അൽപംപോലും കുറവുവന്നില്ല.

ജയിലിൽ കഴിയുമ്പോൾ ഒരു ചാരൻ അദ്ദേഹത്തിന്റെ കരണക്കുറ്റിയ്ക്ക് ശക്തമായി ഇടിക്കുകയും ആ ചെവിയുടെ കേൾവിശക്തി പൂർണമായും നഷ്ടപ്പെടുകയും ചെയ്തു. ഏതായാലും ശഹീദ് മർഹൂമിന്റെ പിതാവും അദ്ദേഹത്തിന്റെ കുടുംബവും ജമാഅത്തിന് വേണ്ടിയും വിശ്വാസത്തിന് വേണ്ടിയും വലിയ ത്യാഗങ്ങളാണ് ചെയ്തിട്ടുള്ളത്. അല്ലാഹു അവരെ എല്ലാ ദ്രോഹങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ. ശഹീദ് മർഹൂമിന്റെ പദവികളുയർത്തുമാറാകട്ടെ.

അടുത്ത ജനാസ ഖാദിയാനിലെ ദർവേശ് മൗലവി മുഹമ്മദ് അയ്യൂബ് ഭട്ട് സാഹിബിന്റേതാണ്. അദ്ദേഹം കഴിഞ്ഞ വർഷം നൂറാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

അയ്യൂബ് ഭട്ട് സാഹിബ് തന്റെ ഒരു വിവരണത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "അദ്ദേഹത്തിന്റെ കുടുംബത്തിൽ മാതാവ് കരീം ബീവി സാഹിബ മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. ഇവർ കശ്മീരിലെ മീർപൂർ നിവാസിയായിരുന്നു. ഇവരുടെ സഹോദരൻ സയ്യിദ് അർശദ് അലി സാഹിബ് ഖാദിയാനിൽ നിന്ന് തബ്ലീഗ് ചെയ്യാനെത്തി. അദ്ദേഹത്തിന്റെ തബ്ലീഗ് മുഖേന ഉമ്മ അഹ്മദിയ്യത്ത് സ്വീകരിച്ചു. പിന്നെ പിതാവും ബയ്അത്ത് ചെയ്തു. അയ്യൂബ് ഭട്ട് സാഹിബ് ദർവേശിന്റെ ലിഖിതമനുസരിച്ച് മർഹൂം നിറഞ്ഞ യൗവനത്തിൽ നബിﷺ തിരുമേനി കുതിരപ്പുറത്ത് സഞ്ചരിക്കുന്നത് സ്വപ്നം കണ്ടിരുന്നു. ഈ സ്വപ്നത്തിന്റെ വ്യാഖ്യാനത്തിൽ അദ്ദേഹത്തിന്റെ മാതാവ്, അദ്ദേഹത്തിന് അല്ലാഹുവിന്റെ ദീനിന്റെ ജോലി നിർവഹിക്കാൻ തൗഫീഖ് കിട്ടുമെന്ന് പറഞ്ഞു. 1939-ൽ മൗലവി സാഹിബ് തന്റെ ജീവിതം വഖ്ഫുചെയ്തു. ജമാഅത്ത് സംവിധാനം അദ്ദേഹത്തിന് ഇറാനിൽ പോകാൻ കൽപന നൽകി. അവിടെ അഞ്ച് വർഷംവരെ സേവനനിരതനായിരുന്നു. അതിനുശേഷം അഫ്ഘാനിസ്താനിലെ കാബൂളിൽ പോകാൻ ഉത്തരവു കിട്ടി. കാബൂളിൽ പോകുന്നതിന് അദ്ദേഹം കോയിട്ടയിലെത്തിയപ്പോൾ അമീർ ജമാഅത്ത് കോയിട്ട അദ്ദേഹത്തോടുപറഞ്ഞു: 'നിങ്ങളെ ഖാദിയാനിലേക്ക് വിളിച്ചിട്ടുണ്ട്.' അന്ന് ഇന്ത്യാ- പാക്കിസ്താൻ വിഭജന കാല

ശേഷം പേജ് 8 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin